PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1952.

Friday, *the 4th July, 1952.*

VOL. VI **OFFICIAL REPORT** **No. 5.**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 4th July, 1952, with **Mr. Speaker** in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

Oriental Studies.

*223. [1] **Shri P. S. Nataraja Pillai:** Will the Minister for Education be pleased to state:

(*a*) whether the Degrees, Diplomas and Titles in Oriental Studies granted by the Travancore University are recognised by the Madras Government;

(*b*) whether there are any exceptions; if so the Degrees, Diplomas and Titles not recognised by the Madras State Government and the reasons for it?

Chief Minister **(Shri A. J. John):**

(*a*) and (*b*) Information is being collected.

Cases in which the Public Service Commission was consulted in 1950-51.

*224. [4] **Shri P. S, Nataraja Pillai:** Will the Minister for General Administration be pleased to state:

(*a*) the number of cases in which the Public Service Commission was consulted in 1950-'51 under Article 320 of the Constitution;

(*b*) the number of cases in which the opinion of Public Service Commission has been received; and

(*c*) the number of cases in which the opinion of Public Service Commission has not been received and the dates on which these references were made to the Commission?

Chief Minister **(Shri A. J. John):**

(*a*) 753.

(*b*) 751.

(*c*) 2.

Primary and Middle School Teachers.

*225. [6] **Shri P. S. Nataraja Pillai :** Will the Minister for Education be pleased to state :

(*a*) whether the Government propose to effect uniformity in pay to Primary and Middle School Teachers working in erstwhile Cochin and Travancore schools ; and

(*b*) if so from what date ?

Chief Minister **(Shri A. J. John):**

(a) & (b) The question is under the active consideration of Government.

Shri P. S. Nataraja Pillai : May I know whether there is any possibility of bringing about uniformity in pay for these teachers during the course of this budget year ?

Shri A. J. John : Yes, the matter will be finally decided this year.

ഇൻറർമീഡിയററ ക്ലാസുകളിലെ വിജയശതമാനം.

* ൨൨൬. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ വിഭാഗത്തെ സീനിയർ ഇൻറർമീഡിയററ ക്ലാസുകളിലെ ൧൯൪൮–൪൯-ലെ വിജയശതമാനം എത്രയായിരുന്നു?

(ബി) ൧൯൫൦–൫൧-ൽ പ്രസ്തുത വിജയശതമാനം എത്ര?

(സി) ഈ വിജയശതമാനത്തിൽ കുറവുണ്ടോ?

(ഡി) ഉണ്ടെങ്കിൽ കാരണമെന്ത്?

(ഇ) കുറവു പരിഹരിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ൧൯൪൯ മാർച്ച് വിജയശതമാനം ൪൫·൧൬.

(ബി) ൧൯൫൧ മാർച്ച് വിജയശതമാനം ൩൧·൬൩.

(സി) ഉണ്ട്?

(ഡി) പല കാരണങ്ങളുണ്ട്. ഏതെല്ലാമെന്നു കൃത്യമായി നിർണ്ണയിച്ചിട്ടില്ല.

(ഈ) സർവ്വകലാശാലയിലെ ഭരണപരിപാടികൾ ഇത്തരം കുറവു പരിഹരിക്കുവാൻകൂടിയുള്ളവയാണ്. ഈ വിഷയത്തെപ്പററി ഏതായാലും കൂടുതലായി ശ്രദ്ധിക്കുന്നതായിരിക്കും.

ശ്രീ ആർ. ഗംഗാധരൻ : വിജയശതമാനം കുറയാനുള്ള കാരണം ഹൈസ്കൂളിലെ ട്യൂഷൻ മലയാളത്തിലും കാളേജിലെ ട്യൂഷൻ ഇംഗ്ലീഷിലും ആക്കിയതുകൊണ്ടല്ലേ?

ശ്രീ. എ. ജെ. ജാൺ : അതു് ഒരു കാരണമായിരിക്കാം. മററു കാരണങ്ങളുമുണ്ട്. വിദ്യാർത്ഥികൾ പഠിത്തത്തിൽ ശ്രദ്ധ പതിപ്പിക്കാത്തതും ഒരു കാരണമാകും.

ശ്രീ. കെ. സി. നൈനാൻ : വിദ്യാർത്ഥികളുടെ ഇടയിൽ കാണുന്ന അച്ചടക്കമില്ലായ്മ പ്രധാനമായ ഒരു കാരണമാണെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജാൺ : അതുതന്നെയാണു് ഞാൻ പറഞ്ഞതു്.

ശ്രീ. എം. എം. അബ്ദുൾഖാദർ : പ്രൈവററു കാളേജുകളിലാണു് വിജയശതമാനം കുറവെന്നുള്ളവിവരം മന്ത്രിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ബോദ്ധ്യപ്പെട്ടിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ : ഹൈസ്കൂളുകളിലും കാളേജുകളിലും ഒരേ ഭാഷയിൽ ബോധനം നൽകുന്നതിനു് തീരുമാനിക്കുമോ?

ശ്രീ. എ. ജെ. ജാൺ : ഹൈസ്കൂളുകളിൽ മലയാളഭാഷയിൽ ട്യൂഷൻ തുടങ്ങിയിട്ടു് അധികം കാലമായിട്ടില്ല.

ശ്രീ. എ. താണുപിള്ള : ഗവണ്മെൻറു്, യൂണിവേഴ്സിററിയോടു് ഇതിനുള്ള കാരണമെന്താണെന്നു ചോദിച്ചിട്ടുണ്ടോ?

Shri A. J. John : I will just read the report of the Syndicate in this connection. "The Syndicate is not aware of the special reason of the low percentage of passes. Presumably it may be due to the large number of students themselves who are not up to the mark."

ശ്രീ. എ. താണുപിള്ള : ഇതിനു് എന്തെങ്കിലും ഒരു പരിഹാരം കാണുന്നതിനു വല്ല നിർദ്ദേശവും യൂണിവേഴ്സിററിക്കുണ്ടോ?

ശ്രീ. എ. ജെ. ജാൺ : യൂണിവേഴ്സിററി ഇക്കാര്യത്തെപ്പററി ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല. യൂണിവേഴ്സിററിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻപോകുന്ന ഒരു കാര്യമാണിതു്.

ശ്രീ. എ. താണുപിള്ള : ഈ നിലയ്ക്കു് ഒരു മാററമുണ്ടാക്കാൻ യൂണിവേഴ്സിററിയെ അറിയിച്ചു വേണ്ടതു ചെയ്യുമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ചെയ്യണമെന്നാണു ഗവണ്മെൻറു ഉദ്ദേശിക്കുന്നതു്.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻപോററി : സ്കൂൾഫൈനൽ പാസ്സായി കാളേജിൽ വന്നിട്ടുള്ളവർ ഒരു പ്രത്യേക മാനദണ്ഡം കടന്നു വന്നിട്ടുള്ളവരല്ലേ?

ശ്രീ. എ. ജെ. ജാൺ : സ്കൂൾഫൈനൽ പാസായവരിൽതന്നെ പഠിക്കുന്നവരും പഠിക്കാത്തവരും കാണും. ചിലർ കഷ്ടിച്ചു മാർക്കുവാങ്ങി പാസ്സായിട്ടുള്ളവരായിരിക്കും.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : 'Up to the mark' എന്നു പറഞ്ഞാൽ മാർക്കില്ലെന്നാണോ അർത്ഥം?

ശ്രീ. എ. ജെ. ജാൺ : അല്ല.

Manure Depots.

※227. [8] **Shri K. Madhavan Unnithan:** Will the Minister for Agriculture be pleased to state the number of Government depots and private agencies stocking and selling manure at concession rates ?

Chief Minister **(Shri A. J. John):**

No. of Government depots—41.

Private agencies —325

ശ്രീ. ഓ. സി. നൈനാൻ : പ്രൈവററ് ഏജൻസികൾ മുഖാന്തിരം നടത്തുന്ന ഡിപ്പോകൾ കൂട്ടുന്നതിലേയ്ക്കു് ഗവണ്മെൻറ തയ്യാറുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ : ഇപ്പോൾതന്നെ ൨൧൦ എണ്ണം കോവാപ്പറേററീവ് സൊസൈററികളും, ൩൮ എണ്ണം വില്ലേജ് യൂണിയനുകളും, ൨൧ എണ്ണം പഞ്ചായത്തുകളുമാണു് നടത്തുന്നതു്.

ശ്രീ. ഓ. സി. നൈനാൻ : എല്ലാ പകുതികളിലും ഡിപ്പോകൾ നടത്തുന്നതിനു് ഗവണ്മെൻറ ശ്രദ്ധിക്കുമോ?

ശ്രീ. ഏ. ജെ. ജാൺ : എല്ലാ പകുതികളിലും അങ്ങനെ നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അങ്ങനെ ആവശ്യമുണ്ടെന്നു ബോദ്ധ്യം വരികയാണെങ്കിൽ അതിനെപ്പററി ശ്രദ്ധിക്കുന്നതാണു്

ஸ்ரீ. எ. கெ. செல்லையா : ஏதாவது ஹிந்துமத ஸ்தாபனங்களுக்கு இந்த டிப்போக்கள் நடத்த லைசென்ஸ் கொடுக்கப்பட்டதுண்டா?

ശ്രീ. ഏ. ജെ. ജാൺ : ഞാൻ പറഞ്ഞകൂട്ടത്തിൽ ഹിന്ദുമതസ്ഥാപനം ഉണ്ടോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ஸ்ரீ. எ. கெ. செல்லையா : வில்லேஜ் யூனியன், வில்லேஜ் பஞ்சாயத்துகள், கோவாப்பரேற்றிவ் சொசைட்டிகள் இந்த மூன்றையும் தவிர தென் திருவிதாங்கூரில், தனிப்பட ஒருவர் நடத்தக் கூடிய ஒரு ஹிந்துமத ஸ்தாபனத்திற்கு இந்த லைசென்ஸ் கொடுக்கப்பட்டிருக்கிறது சர்க்காருக்குத் தெரியுமா?

Mr. Speaker: If the Member is quite sure about that, he could as well put a specific question on that point.

ശ്രീ. ജോസഫ് വാഴപ്പിള്ളി : കൊച്ചിയിലുള്ള ഓരോ പഞ്ചായത്തു് അതിർത്തിയിലും ഓരോ വളംഡിപ്പോ മുമ്പു് ഉണ്ടായിരുന്നതായി അറിയാമോ?

ശ്രീ. ഏ. ജെ. ജാൺ : എനിക്കറിവില്ല. ബഹുമാനപ്പെട്ട മെംബർ പറഞ്ഞതിനെ ഞാൻ സ്വീകരിക്കുന്നു.

ശ്രീ. എൻ. രാജഗോപാലൻ നായർ : സഹകരണസംഘങ്ങൾ ഇതിലേയ്ക്കു ലൈസൻസിനു് അപേക്ഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രൈവററ വ്യക്തികൾക്കു് ലൈസൻസ് കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ കൊടുത്തിട്ടുള്ളതായി അറിവില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: പത്തനാപുരം താലൂക്കിൽ കോവാപ്പറേററീവ് സൊസൈററി അപേക്ഷിച്ചിരുന്നിട്ടും ഒരു ബാവാസായിപ്പിനാണു ലൈസൻസ് കൊടുത്തിട്ടുള്ളതെന്ന് അറിയാമോ?

ശ്രീ. എ ജെ. ജാൺ: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. പി. വി. അവിരാത്തരകൻ: ചേർത്തല താലൂക്കിൽ ഒരു വളംഡിപ്പോ ഇല്ലെന്നുള്ളകാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഏതെല്ലാം താലൂക്കുകളിലാണ് വളംഡിപ്പോകൾ ഉള്ളതെന്നു കാണിക്കുന്ന ലിസ്റ്റ് എൻെറ കൈവശം ഇപ്പോൾ ഇല്ല. ചേർത്തല താലൂക്കിൽ ഒരു വളംഡിപ്പോ സ്ഥാപിക്കുന്നകാര്യം വളരെ ഗൗരവമായി ആലോചിക്കാം.

Reading Rooms and Libraries.

❋228. [9] **Shri K. Madhavan Unnithan:** Will the Minister for Harijan Uplift be pleased to state whether any Scheduled Castes Association has applied for the opening of free reading rooms and libraries for them in the Kunnathoor taluk?

Minister for Local Self Government (**Shri K. Kochukuttan**):

Petitions from some Associations were received and due action taken. No application has however been received after 1-1-1952.

Colonisation Scheme.

❋229. [10] **Dr. M. Sivaraman Nair:** Will the Minister for Local Self Government be pleased to state:

(*a*) the nature of the measures thus far taken to give relief to the landless and homeless class in the State, in the Colonisation scheme;

(*b*) whether selection under this scheme will be done on a proportionate basis from each constituency in the State?

Minister for Local Self Government. (**Shri K. Kochukuttan**): (*a*) Government have sanctioned Co-operative Colonies being organised in Puthenvellimuri, Azhoor, Vengola, Kannamala, Anchal, Kallar, Panakkavayal Mutterppally and Vazhani. The work of removing tree growth in these areas is in progress and the lands will be allotted to the landless people who are prepared to settle down in the Colonies. The possibility of organising Colonies in other centres is also being examined.

(*b*) no.

ശ്രീ. പി. ചാക്കോ: ഈ സ്ഥലങ്ങളിൽ കാളനികൾ എപ്പോൾ സ്ഥാപിക്കും?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ നില്പുള്ള വൃക്ഷങ്ങൾ വെട്ടിനീക്കിക്കഴിഞ്ഞാൽ സ്ഥാപിക്കും.

ശ്രീ. പി. ചാക്കോ: മന്ത്രി ഈ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എല്ലാ സ്ഥലങ്ങളും സന്ദർശിച്ചിട്ടില്ല. ചിലതെല്ലാം സന്ദർശിച്ചിട്ടുണ്ട്.

ഭാഷാദ്ധ്യാപകന്മാർ.

* ൧൩൦. [൭൭] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

(എ) അറബിക് ഇൻസ്ട്രക്ടറന്മാർക്ക് പ്രൈമറിസ്കൂളിലും മിഡിൽസ്കൂളിലുമുള്ള ശമ്പളസ്കെയിൽ എന്ത്?

(ബി) മററു ഭാഷാദ്ധ്യാപകന്മാർക്ക് പ്രൈമറിയും മിഡിലും സ്കൂളുകളിലെ ശമ്പളസ്കെയിൽ എന്ത്?

മുഖ്യമന്ത്രി (ശ്രീ എ. ജെ. ജാൺ): (എ) തിരുവിതാംകൂർ വിഭാഗം

പ്രൈമറിസ്കൂൾ	അടിസ്ഥാനശമ്പളം	൧൫ രൂപാ.
മിഡിൽസ്കൂൾ	,,	൧൦–൧൫ രൂപാ.

കൊച്ചിവിഭാഗം.

പ്രൈമറിസ്കൂൾ	,,	൩൦–൫൦ രൂപാ
മിഡിൽസ്കൂൾ	,,	൩൦–൬൫ രൂപാ

ബി. തിരുവിതാംകൂർ വിഭാഗം.

പ്രൈമറിസ്കൂൾ	അടിസ്ഥാനശമ്പളം	൧൫ രൂപാ.
മിഡിൽസ്കൂൾ	,,	൧൧–൧൭ രൂപാ.

കൊച്ചിവിഭാഗം.

പ്രൈമറിസ്കൂൾ	,,	൩൦–൫൦ രൂപാ.
മിഡിൽസ്കൂൾ	,,	൩൦–൬൫ രൂപാ.

ശ്രീ. ററി. എ. മജീദ്: മററ് ഭാഷാദ്ധ്യാപകന്മാർക്ക് നൽകുന്ന ശമ്പളസ്കെയിൽ അറബിക് ഇൻസ്ട്രക്ടറന്മാർക്കും നൽകാൻ ശ്രമിക്കുമോ?

ശ്രീ എ. ജെ. ജാൺ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. ഇ. കൃഷ്ണൻ നായർ: പ്രൈമറി സ്കൂളുകളിലും മിഡിൽസ്കൂളുകളിലും നിയമിക്കുന്ന അദ്ധ്യാപകന്മാരുടെ യോഗ്യത ഒന്നാണോ?

ശ്രീ എ. ജെ. ജാൺ: അൽപ്പം വ്യത്യാസമുണ്ട്.

ശ്രീ. ഇ. കൃഷ്ണൻനായർ: പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ൧൫ രൂപയായിരിക്കെ മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ൧൧–൧൭ ആക്കിയത് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററിയെല്ലാം ആലോചിച്ച് വേണ്ടതു ഉടനെ പരസ്യം ചെയ്യുന്നതാണെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീ. എം. എം. അബ്ദുൾഖാദർ: കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം അറബിക് ഇൻസ്ട്രക്ടറന്മാരുടെ വേക്കൻസികൾ ഫില്‍ ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ എ. ജെ. ജാൺ: കുറച്ചു വേക്കൻസികൾ ഉണ്ട്.

ശ്രീ. ഇ. പി. വർഗീസ്: അറബിക് ഇൻസ്ട്രക്ടറന്മാരുടെ പരീക്ഷായോഗ്യതകൾ എന്താണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

പിരിച്ചുവിടപ്പെട്ട അദ്ധ്യാപകൻ.

*൨൩൧. [൫൨] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇലകമൺ മിഡിൽസ്കൂളിൽ ഒരു അദ്ധ്യാപകനെ മാനേജർ സ്വമനസ്സാലെ പിരിച്ചുവിട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത അദ്ധ്യാപകനെ തിരിച്ചെടുക്കണമെന്നു ഡയറക്ടരും ഡിപ്പാർട്ടുമെൻറും മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

(സി) അദ്ധ്യാപകനെ ഇതേവരെ തിരിച്ചെടുത്തിട്ടുണ്ടോ?

(ഡി) ഇല്ലെങ്കിൽ വിദ്യാഭ്യാസഡയറക്ടരെയും ഗവണ്മെൻറിനേയും ധിക്കരിച്ച ഈ മാനേജരുടെ മേൽ ശിക്ഷണനടപടി എടുക്കാതിരിക്കാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) പിരിച്ചുവിട്ടിട്ടില്ല. മാനേജർ ശ്രീ. ഇ. ഇ. അബ്ദുർറഹിമാൻ എന്ന ടീച്ചറെ സസ്പെൻഷനിൽ നിറുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) അതിനെ സംബന്ധിച്ചു നടപടികൾ ഗവണ്മെൻറ എടുത്തുകൊണ്ടിരിക്കയാണ്.

പണ്ഡിറ്റുകൾ.

*൨൩൨. [൫൩] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സക്കാർ ഹൈസ്കൂളുകളിലെ പണ്ഡിററുമാക്ക് ഗ്രാഡ്വേററ സ്കെയിൽ നൽകാൻ തീരുമാനിച്ചതനുസരിച്ച് ഇതേവരെ എത്രപേക്ക ഈ സ്കെയിൽ അനുസരിച്ചു ശമ്പളം കൊടുത്തിട്ടുണ്ട്?

(ബി) പ്രൈവററസ്കൂളുകളിൽ ഈ വിധം ശമ്പളം വാങ്ങുവാൻ അർഹതയുള്ള എത്ര പണ്ഡിററുകൾ ഉണ്ട്; അവക്കു ശമ്പളം കൂട്ടുന്ന വകയിൽ പ്രതിവർഷം എത്ര രൂപ അധികം വേണ്ടിവരും?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ആക്കും കൊടുത്തിട്ടില്ല ഇതു സംബന്ധമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) പ്രൈവററസ്കൂളുകളിലെ പണ്ഡിററുകളുടെ ഉദ്ദേശസംഖ്യ ൫൨൯൦. അധികം വേണ്ടിവരുന്ന ഉദ്ദേശ തുക നാലരലക്ഷം രൂപാ.

ശ്രീ. ടി. എ. മജീദ്: സക്കാർ ഹൈസ്കൂളുകളിൽ നൽകുന്ന ശമ്പളം പ്രൈവററ് ഹൈസ്കൂൾ പണ്ഡിററുമാക്കും നൽകാൻ ശ്രദ്ധിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതിനു് ഒരു സ്കീമുണ്ടു്. അതനുസരിച്ചേ ചെയ്യാൻ സാധിക്കയുള്ളു.

ശ്രീ. ഒ. സി. നൈനാൻ: ഗ്രാഡുവേററ് സ്കെയിലിൽ അവരെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ എ. ജെ. ജാൺ: അതു നിശ്ചയമില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാരിയർ: പണ്ഡിററന്മാർക്കും ഗ്രാഡുവേററ് ടീച്ചേഴ്സിനും കൊടുക്കുന്ന ശമ്പളത്തിലുള്ള വ്യത്യാസത്തിൻെറ അടിസ്ഥാനമെന്താണു്.

ശ്രീ എ. ജെ. ജാൺ: രണ്ടു കൂട്ടർക്കും സ്കെയിൽ രണ്ടായി നിശ്ചയിച്ചു എന്നു മാത്രമേയുള്ളു. ശമ്പളസ്കെയിൽ പരിഷ്കരിക്കേണ്ടതിനെപ്പററി ഗവണ്മെൻറ് വളരെ ഗാഢമായി ആലോചിച്ചുകൊണ്ടിരിക്കയാണു്.

ഭക്ഷ്യവർദ്ധന സഹായം.

*൨൩൩. [൧൪] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) ൧൯൪൯-൫൦, ൧൯൫൧-൫൨ എന്നീ വർഷങ്ങളിൽ യഥാക്രമം ഭക്ഷ്യവർദ്ധനപദ്ധതി (ഗ്രോ മോർ ഫുഡ്) അനുസരിച്ചു് കേന്ദ്രഗവണ്മെൻറ സംസ്ഥാനഗവണ്മെൻറിനു് എത്ര രൂപാവീതം നൽകിയിട്ടുണ്ടു്?

(ബി) പ്രസ്തുത വർഷങ്ങളിൽ ആ ഇനത്തിൽ സ്റ്റേററുഗവണ്മെൻറ സ്വന്തനിലയിൽ ചെലവാക്കിയിട്ടുള്ള തുക എന്തു്?

(സി) യഥാക്രമം ൧൯൪൮-൪൯-ലും ൧൯൫൧-൫൨-ലും തിരുവിതാംകൂർ ഭാഗത്തുനിന്നു് സക്കാർ സംഭരിച്ചിട്ടുള്ള നെല്ലു് എത്ര പാറവീതം?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ൧൯൪൯-൫൦-ൽ കേന്ദ്രഗവണ്മെൻറിൽ നിന്നും നൽകിയതു് ൪൧.൭൨ ലക്ഷം രൂപ; അതിൽ കടമായി അനുവദിച്ച രൂപ ൧൦ ലക്ഷം.

൧൯൫൦-൫൧-ൽ കേന്ദ്രം അനുവദിച്ച സഹായധനം ൪൬.൩൪ രൂപ. കടമായി വാങ്ങിയതു് ൧൬.൨൫ രൂപ.

൧൯൫൧-൫൨-ൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ചതു് ൧൨.൮൯ രൂപ. കടം വാങ്ങിയതു് ൧൨.൫ ലക്ഷം രൂപ.

(ബി) ൧൯൪൯-൫൦-ൽ സ്റ്റേററുഗവണ്മെൻറ ചിലവാക്കിയ തുക ൩൪.൯ ലക്ഷം രൂപ.

൧൯൫൦-൫൧-ൽ ൩൪.൧൩ ലക്ഷം രൂപ.

൧൯൫൧-൫൨-ൽ ൫൭.൮൬ ലക്ഷം രൂപ.

(സി) ൲ ൪ വ്യ-ൽ സംഭരിച്ചിട്ടുള്ള നെല്ല് ൧ ൪ ൬ ൦ ൦ വ്യ വ്യ ൻ ൪ ൻ-ൽ വ്യ ൦ ൨ ൩ ൲ ൧ ൪ പറ.

൲ ൻ ൫ ൦-൫ ൲-ൽ ൧ ൦ ൨ ൲ ൦ ൲ ൫ പറ.

൲ ൻ ൫ ൨-ൽ ൧-൩-൲ ൻ ൫ ൨ വരെ ൪ ൩ ൻ ൨ ൩ ൪ ൻ പറ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഓരോ വർഷത്തിലും കൂടുതൽ കൂടുതൽ തുകകൾ ചെലവാക്കിയിരിക്കെ സംഭരിച്ച നെല്ലിൻെറ അളവ് വർദ്ധിക്കുന്നതിനു പകരം ഇത്ര കുറഞ്ഞുപോകാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് കൃഷിപ്പിഴ വന്നതുകൊണ്ടും മടവീണു കൃഷികൾ നശിച്ചുപോയതുകൊണ്ടും വന്നിരിക്കുന്ന കുറവാണ്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇങ്ങനെ കൃഷിപ്പിഴ ഉണ്ടായതായിട്ടും മടകൾ വീണു കൃഷി നശിച്ചതായിട്ടും വല്ല സ്ഥലത്തു നിന്നും ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇങ്ങനെ കൃഷിപ്പിഴ ഉണ്ടായിരിക്കുന്നതും മടകൾ വീണിട്ടുള്ളതും പല സ്ഥലങ്ങളിലാണ്. പല സ്ഥലങ്ങളിൽനിന്നും ഗവണ്മെൻറിലേയ്ക്കു റിപ്പോർട്ടുകൾ ലഭിച്ചിട്ടുമുണ്ട്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഈ വിളവു നാശത്തെപ്പററി ശാസ്ത്രീയമായ അന്വേഷണം നടത്തി റിപ്പോർട്ടു വല്ല സ്ഥലത്തു നിന്നും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ ജാൺ: ശാസ്ത്രീയമായി അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്തിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അങ്ങനെ കൃഷിപ്പിഴ വന്നിട്ടുള്ള സ്ഥലങ്ങളിൽ ഉടമസ്ഥന്മാർക്കു നികുതിയും പാട്ടവും ഇളവുചെയ്തു കൊടുത്തിട്ടുണ്ടോ?

Mr. Speaker: That is not a relevant question.

ശ്രീ. എൻ. രാജഗോപാലൻ നായർ: കൃഷിപ്പിഴ വരാത്ത സ്ഥലങ്ങളിലും ഈ നെല്ലെടുപ്പുസംരംഭം ചില പരിഗണനകളോടുകൂടി എടുത്തു വരുന്നതായി സർക്കാരിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഈ നെല്ലെടുത്തുവരുന്നതു് അതാതു സ്ഥലത്തുണ്ടാകുന്ന വിളവിൻെറ കണക്കനുസരിച്ചാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: സാധാരണ കൃഷിക്കാരിൽ നിന്നും വർദ്ധിച്ച തോതിൽ നെല്ലെടുത്തുവരുമ്പോൾ ഈ ഫുഡ്പ്രൊഡക്ഷൻ ഏറിയാസിൽ കൃഷിപ്പിഴയും മററും വരുന്നതെന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഇങ്ങനെ പലസ്ഥലങ്ങളിലും കൃഷികൾ നശിച്ചുപോയതുകൊണ്ടു് അതേപ്പററി ശാസ്ത്രീയമായ അന്വേഷണം നടത്തുകയോ വിളവിൻെറ കണക്കു തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ശ്രീ. പി. വി. അവിരാ തരകൻ: കേന്ദ്രഗവമ്മെന്റിൽ നിന്നും കിട്ടിയ തുക അതാതുകൊല്ലങ്ങളിൽ കൃഷിക്കായി വിതരണം ചെയ്യാത്തതുകൊണ്ടു് അതു കൂട്ടമായി നഷ്ടപ്പെടുകയല്ലേ ചെയ്യുന്നതു്?

ശ്രീ. എ. ജെ. ജാൺ: തുകകൾ മുഴുവൻ കേന്ദ്രഗവമ്മെന്റ് അനുവദിച്ചിട്ടില്ല. ഗ്രോ മോർ ഫുഡ് സ്കീം അനുസരിച്ച് ഈ രണ്ടുകൊല്ലത്തേക്കുള്ള തുക കൂട്ടമായി തന്നിട്ടില്ല. അവർ അനുവദിച്ചിട്ടുള്ള സ്കീമുകൾക്കുള്ള തുക മാത്രമേ അനുവദിച്ചു തന്നിട്ടുള്ളു.

ശ്രീ. എം. എം. അബ്ദുൽഖാദർ: കൃഷിപ്പിഴയുണ്ടാകുന്ന സ്ഥലങ്ങൾ മാത്രം നോക്കിയാണോ ഗവമ്മെന്റ കൃഷി നടത്തുന്നതു്?

Mr. Speaker : Are we not wandering away from the question?

ശ്രീ. ടി. വി. തോമസ്: തുകകൾ അലാട്ടുചെയ്തു കഴിഞ്ഞാൽ അതു വാങ്ങിച്ചില്ലെങ്കിലും നാം പലിശ കൊടുക്കേണ്ടതല്ലേ?

ശ്രീ. എ. ജെ. ജാൺ: വേണ്ട.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ൧൯൫൦-൫൧-ൽ വളരെ പണം ചെലവാക്കി കുട്ടനാടൻ പ്രദേശങ്ങളിൽ പരീക്ഷണം നടത്തി കൂടുതൽ വിളവുണ്ടായതായി പത്രങ്ങളിലും മററുമായി പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നു. എന്നിട്ടെന്താണ് പ്രൊക്യൂവർമെൻറ് ഇത്ര കുറഞ്ഞുപോയതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ൧൯൫൧-ൽ ആ സ്കീം തുടങ്ങിയിട്ടില്ല. അങ്ങനെ പരീക്ഷണം നടത്തിയതു് വെച്ചൂർ എന്ന സ്ഥലത്താണ്. അവിടെ മടവീണു വിളവു മുഴുവൻ നശിച്ചുപോയിരിക്കുകയാണ്.

Shri P. S. Nataraja Pillai : With reference to part (c) are not these figures relating to total procurement in the State?

Shri A. J. John: Yes.

ശ്രീ. എ. താണുപിള്ള: ഈ തുകകൾ അനുവദിച്ചിട്ടുള്ളതു ദീർഘകാലപദ്ധതികൾക്കായിട്ടാണോ ഹ്റസ്വകാലപദ്ധതികൾക്കായിട്ടാണോ?

ശ്രീ. എ. ജെ. ജാൺ: അതിന്റെ വിവരണം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: വളരെ സ്ഥലങ്ങളിൽ നെല്ലുവിളവു സ്വാഭാവികമായിത്തന്നെ വർദ്ധിച്ചിട്ടുള്ളതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ വിളവുവർദ്ധിച്ചിട്ടുണ്ടെങ്കിൽ അതു ഗവമ്മെന്റ അറിഞ്ഞിരിക്കാനുമിടയുണ്ടു്.

കാളേജു് പരീക്ഷാഫീസു്.

* ൨൩൪. [൧൫] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാളേജുകളിലെ പരീക്ഷാഫീസ് യൂണിവേഴ്സിററിയിൽ നിന്നു വർദ്ധിപ്പിച്ചിരിക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രൈവററ കാളേജുകളിൽ ഗവണ്മെൻറ കാളേജുകളേക്കാ ം കൂടുതൽ ഫീസ് ഈടാക്കിവരുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഹൈസ്കൂളുകളിലെപ്പോലെ അതു ഏകീകരിക്കുന്നതിനു വല്ല നടപടിയും ഗവണ്മെൻറ സ്വീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) ഇപ്പോ ം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഇന്നലെ ധനകാര്യവകുപ്പുമന്ത്രിയുടെ മറുപടിപ്രസംഗത്തിൽ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല എന്നുപറഞ്ഞതു് ഓർക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് ഹൈസ്കൂളുകളെപ്പററിയാണ് പറഞ്ഞതു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഞാൻ ചോദിച്ചതു് അതല്ലായിരുന്നു.

Mr. Speaker: Have you got any supplementary question to put? *(The hon, Member did not reply,)*

ശ്രീ. ഒ. സി. നൈനാൻ: പ്രൈവററ കാളേജുകളിൽ ഫീസിൻെറ മാക്സിമം നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. ഒ. സി. നൈനാൻ: മദ്രാസ് മുതലായ സ്ഥലങ്ങളിൽ പ്രൈവററകാളേജുകളിൽ ഫീസ് മാക്സിമം നിശ്ചയിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതുകൊണ്ടാണ് ഇവിടെയും നിശ്ചയിക്കാത്തതു്.

ശ്രീ. ടി. വി. താമസ്സ്: ഇങ്ങനെ ഫീസു വർദ്ധിപ്പിച്ചതുകൊണ്ടു് രക്ഷകർത്താക്കന്മാക്ക് ബുദ്ധിമുട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങിനെ രക്ഷകർത്താക്കന്മാക്ക് ബുദ്ധിമുട്ടുള്ളതായി യാതൊരു നിവേദനങ്ങളും ഗവണ്മെൻറിനോ യൂണിവേഴ്സിററിക്കോ ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: പ്രൈവററ കാളേജുകളിൽ ഫീസുമാക്സിമം ഫിക്സ് ചെയ്യാത്തതുകൊണ്ടു് അവർ വളരെ കൂടുതലായി ഈടാക്കിവരുന്നുവെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: പ്രൈവററ കാളേജുകൾ അങ്ങനെ ഒന്നും ചെയ്യുന്നില്ല. അങ്ങനെ ചെയ്യുന്നതായി യാതൊരു നിവേദനങ്ങളും കിട്ടിയിട്ടില്ല.

ശ്രീ. എം. എം. അബ്ദുൽ ഖാദർ. ഈ സംസ്ഥാനത്തു പ്രൈവററ കാളേജുകൾ അനുവദിക്കുന്നതു ചില സമുദായക്കാരെ പ്രത്യേകിച്ചു പ്രീണിപ്പിക്കുന്നതിനായിട്ടാണോ?

Mr Speaker: The question is disallowed,

Shri P. S. Nataraja Pillai: May I know how the examination fees of the Travancore University compare with the examination fees of the Madras University?

ശ്രീ. എ. ജെ. ജാൺ: ഒരേ സംപ്രദായത്തിലാക്കിയിരിക്കുകയാണു്.

ശ്രീ. ആർ. സുഗതൻ: ഗവമെൻറു കാളേജുകളിൽ ഹോസ്റ്റൽ ഫീസു വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: യൂണിവേഴ്സിററിയോടു ചോദിച്ചു മറുപടി അറിഞ്ഞതിനുശേഷം പറയേണ്ടതാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഹൈസ്കൂളുകളിൽ ലൈബ്രറി ഫീസു് വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: എൻെറ ഓർമ്മ വച്ചുകൊണ്ടു പറയുകയാണു് മുമ്പു രണ്ടു ടേമിൽ കൊടുക്കേണ്ടതായ ലൈബ്രറിഫീസ് ഇപ്പോൾ ഒരു ടേമായി കൊടുക്കുന്നതിനു ഏർപ്പാടുചെയ്തിരിക്കുകയാണെന്നാണെൻെറ അറിവു്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഹൈസ്കൂളുകളിലെ പരീക്ഷാഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അന്വേഷിച്ചു പറയാം.

ശ്രീ. ടി. കെ. ദിവാകരൻ: പരീക്ഷാഫീസു വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ അതു കുറയ്ക്കണമെന്നു വിദ്യാർത്ഥിസംഘടനകളിൽ നിന്നും വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: വിദ്യാർത്ഥികളല്ല, രക്ഷകർത്താക്കന്മാരാണു് നിവേദനം സമർപ്പിക്കേണ്ടതു്.

ശ്രീ. ടി. കെ. ദിവാകരൻ: സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിന്മേൽ എന്തു നടപടി നടത്തി?

ശ്രീ. എ. ജെ. ജാൺ: അതിനെക്കുറിച്ചു് ഗവമെൻറാലോചിച്ചു വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. ഇ. പി. വർഗീസ്: ഈ ഫീസു വർദ്ധിപ്പിച്ചതോടൊപ്പം അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഹൈസ്കൂളുകളിൽ ക്ലാസ്ഫീസില്ലാതെ അഡ്മിഷൻ കിട്ടുന്നതിനായി ഒരു ഫീസ് ഈടാക്കിവരുന്ന വിവരം ഗവണ്മെൻറിൻെറ അറിവിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ എ. ജെ. ജാൺ : ഇല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : അതു തെളിയിച്ചാൽ അതേപ്പററി നടപടി എടുക്കുമോ?

Mr. Speaker: That is a hypotheetical question.

പ്രൈമറി സ്കൂളുകൾ

*൨൩൬. [൧൩] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കിയ നെടുമങ്ങാടു താലൂക്കിൽ എത്ര പ്രൈമറി സ്കൂളുകളാണ് ഇപ്പോൾ വേണ്ട കെട്ടിടം പണികഴിപ്പിക്കാത്തതുമൂലം ചെററ ഷെഡ്ഡുകളിലും വീടുകളിലുമായി നടത്തിവരുന്നത്;

(ബി) ഇത്രയും കാലമായിട്ടും അവ നടത്തുന്നതിനു വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കാൻ ശ്രദ്ധിക്കാത്തതു എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) നെടുമങ്ങാടു താലൂക്കിൽ ൧൪ പ്രൈമറി സ്കൂളുകൾ ഷെഡ്ഡുകളിലും രണ്ടു സ്കൂളുകൾ വീടുകളിലും നടത്തുന്നുണ്ട്.

(ബി) വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാതിരുന്നിട്ടില്ല. കഴിഞ്ഞകൊല്ലം ൧൦ പുതിയ കെട്ടിടങ്ങൾ പണികഴിപ്പിക്കുകയുണ്ടായി.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : രണ്ടു സ്കൂളുകൾ നടത്തുന്നതു വീടുകളിലല്ല തൊഴുത്തുകളിലാണെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിവില്ല.

ശ്രീ. എൻ. പി. വർഗീസ് : നെടുമങ്ങാടു താലൂക്കിൽ ജനങ്ങൾ എത്ര കെട്ടിടങ്ങൾ സ്കൂളുകൾക്കായി പണിചെയ്തു കൊടുത്തിട്ടുണ്ട് ?

ശ്രീ. എ. ജെ. ജാൺ : അവിടെ കമ്പൽസറി ഏരിയ ആയതുകൊണ്ടു ഗവണ്മെൻറാണു കെട്ടിടം പണിയേണ്ടതു്.

ശ്രീ. ആർ. കേശവപിള്ള : ജനങ്ങളുടെ അപേക്ഷപ്രകാരമാണോ വീടുകളിൽ സ്കൂൾ നടത്തുന്നതു്?

ശ്രീ. എ. ജെ. ജാൺ : ജനങ്ങളുടെ അപേക്ഷകൊണ്ടാണെന്നു പറയാൻ നിവൃത്തിയില്ല. സൗകര്യമുള്ള കെട്ടിടങ്ങളുടെ കുറവുകൊണ്ടു ആ വീടുകളിൽ സ്കൂളുകൾ നടത്തുകയാണു ചെയ്യുന്നതു്.

ശ്രീ. എം. എം. അബ്ദുൽ ഖാദർ : കുന്നത്തുനാട്-പറവൂർ ഈ താലൂക്കുകൾ കമ്പൽസറി പ്രൈമറി വിദ്യാഭ്യാസത്തിൻെറ പരിധിയിൽപ്പെട്ടിട്ടുണ്ടോ ?

Mr. Speaker: The question does not arise.

നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ പദ്ധതി.

*൨൩൬. [൭൧] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കിയിട്ടുള്ള താലൂക്കുകൾ ഏതെല്ലാം?

(ബി) ഈ താലൂക്കുകളിൽ നിശ്ചിതപ്രായത്തിലുള്ള എല്ലാ കുട്ടികളും സ്കൂളിൽ പോകുന്നുണ്ടോ;

(സി) അങ്ങിനെ പോകുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും ആ നിയമം നടപ്പിൽ വരുത്തുന്നതിനും വല്ല നടപടിയും ഗവണ്മെന്റ് ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട്, തിരുവനന്തപുരം, നെടുമങ്ങാട്, കുന്നത്തൂർ, പത്തനാപുരം, ചെങ്കോട്ട, പറവൂർ, ചിററൂർ.

(ബി) ഉണ്ടായിരിക്കണം. ഇല്ലെന്ന വസ്തുത ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. എന്നാൽ നടപടി നടത്തേണ്ടയാവശ്യം ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പാക്കിയിട്ടുള്ള സ്കൂളുകളിൽ പോകാൻ പ്രായമായ കുട്ടികളെല്ലാം പോകുന്നുണ്ടോയെന്നു നോക്കാൻ ഗവണ്മെന്റ വല്ല കരുതലുകളും ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കുട്ടികൾ എല്ലാം സ്കൂളിൽ പോകുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടില്ല.

Shri P. S. Nataraja Pillai: May I know whether the Attendance Committee that ought to be constituted under the Compulsory Primary Education Act is functioning today?

Shri A. J. John: I do not think that it is functioning properly now?

Shri P. S. Nataraja Pillai: Apart from functioning properly, has it not been constituted in the Trivandrum District, Trivandrum Taluk?

Shri A. J. John: I do not know.

Shri P. S. Nataraja Pillai: Are any registers of children of school-going age maintained by the Education Department?

Shri A. J. John: There is a provision to that effect. But I do not think it has been maintained.

Shri P. S. Nataraja Pillai: Was not that system introduced in the Department when the Compulsory Education Act was enforced?

Shri A. J. John: I do not know.

Shri P. S. Nataraja Pillai: Were not prosecutions launched in Thovala and Agasteeswaram when the Compulsory Education Act was enforced, for not sending children to school ?

Shri A. J. John: I do not know.

ശ്രീ. കെ. ജെ. താമസ്: ഈ പദ്ധതി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: തൽക്കാലം ഗവണ്മെന്റിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നതല്ലാത്തതുകൊണ്ടു് അടുത്തകാലത്തു ഇതു് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. ജെ. താമസ്: ഈ പദ്ധതി ഒരു പരാജയമാണോ ?

ശ്രീ. എ. ജെ. ജാൺ: എന്നു തോന്നുന്നില്ല.

ശ്രീ. കെ. പി. കൃഷ്ണ മേനോൻ: ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള സ്കൂൾ കെട്ടിടങ്ങളുടെ പണികൾ എന്നു പൂർത്തിയാകും?

ശ്രീ. എ. ജെ. ജാൺ: അതു് സ്കൂളുകളുടെ എണ്ണത്തെ ആശ്രയിച്ചാണിരിക്കുന്നതു്.

ശ്രീ. കെ. പി. കൃഷ്ണ മേനോൻ: പറവൂർ താലൂക്കിൽ സ്കൂളിനു തക്കവണ്ണം ഉള്ള കെട്ടിടങ്ങൾ ഇല്ലെന്നു അറിയാമോ ?

ശ്രീ. എ. ജെ. ജാൺ: കെട്ടിടങ്ങൾ ഉണ്ടു്. ക്ലാസുകൾ നടക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ ഇപ്പോൾ നടക്കുന്ന സ്കൂളുകൾ നല്ല കെട്ടിടങ്ങളിൽ അല്ല എന്നു മാത്രമെ ഉള്ളു.

ശ്രീ. കെ. പി. കൃഷ്ണ മേനോൻ: പല സ്കൂളുകളും വീടുകളിൽ നടത്തുന്നതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ: ആവശ്യമുള്ള രീതിയിലുള്ള കെട്ടിടങ്ങൾ കിട്ടാത്തതുകൊണ്ടു് ചിലപ്പോൾ വീടുകളിലും നടത്തിയെന്നുവരാം.

ശ്രീ. എ. താണുപിള്ള: നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ പദ്ധതി ഇപ്പോൾ ഒടുവിൽ പൂർത്തിയാക്കിയിരിക്കുന്നതു് ഏതു് താലൂക്കിലാണു്?

ശ്രീ. എ. ജെ. ജാൺ: ചിറയൻകീഴിൽ

ശ്രീ. എ. താണുപിള്ള: അതു് എന്നാണെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ: ഫൻ ഒരു.ൽ

Shri N. Raghava Kurup: On a point of order, Sir. I have been standing here even before Mr. Thanu Pillai stood up.

Mr. Speaker: You must understand that the Speaker's eye is the most elusive organ ever created by God.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ പദ്ധതി പരാജയത്തിലാക്കുവാൻ ഏതെങ്കിലും വിഭാഗം ശ്രമിക്കുന്നുണ്ടോ ?

Mr. Speaker: The question is disallowed. Order, order. Next question.

കുടികിടപ്പ്.

*൪൩൧. [൭൨]† ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ആകെ എത്ര രജിസ്റ്റർ ചെയ്ത കുടികിടപ്പുകാരുണ്ട്;

(ബി) ആകെയുള്ള കുടികിടപ്പുകാരിൽ ഒരു ചെറിയ ശതമാനത്തിനു മാത്രമെ രജിസ്റ്റർ ചെയ്യുവാൻ സാധിച്ചിട്ടുള്ളുവെന്ന വസ്തുത സത്യമാണോ?

Shri T. K. Krishnan: Sir. Mr, Sreedharan is absent, I have been authorised to put this question,

Minister for Revenue **(Shri A. Chidambaranatha Nadar):** The answer is not ready.

കോവളം ടി. ബി.

*൪൩൨. [൭൮] †ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ജനറൽ അഡ്മിനിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരിൽ ആരെങ്കിലും കോവളം ടി. ബി. യിൽ വിശ്രമാർത്ഥം പോവുകയോ പ്രസ്തുത ടി. ബി. സന്ദർശിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ ആരെല്ലാം;

(സി) ഈ മന്ത്രിമാർക്ക് വിശ്രമത്തിനുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നത് ഒരു കോവളം നീലകണ്ഠപ്പണിക്കരാണെന്ന വസ്തുത പരമാർത്ഥമാണോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ഭൂമിയിൽ ചുമത്തപ്പെട്ടിരിക്കുന്ന കരങ്ങൾ.

*൪൩൮. [൨൦] †ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭൂമിയിൽ ചുമത്തപ്പെട്ടിരിക്കുന്ന അടിസ്ഥാനനികുതിക്കു പുറമേയുള്ള ജന്മിക്കരം, ശ്രീപാദം, ശ്രീപണ്ടാരം, മണിയംകരം തുടങ്ങിയ വിവിധ ഇനങ്ങളിലുള്ള കരങ്ങൾ അവസാനിപ്പിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

---

†Put by Shri T. K. Krishnan with the permission of the Chair.

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்): (ஏ&பி) லான்ட் டாக்ஸ் என்கொயரி கமிட்டியும், லான்ட் பாலிஸி கமிட்டியும் வெளியிட்டிருக்கும் ரிப்போர்ட்டின் மேல் தீர்மானம் எடுக்கும்போது கவர்ன்மென்ட் இந்தக் காரியங்களைப் பற்றி ஆலோசிக்கும்.

Deepening The Chandiroor Puthenthodu.

*240. [22] **Shri P. V. Avira Tharakan**: Will the Minister for Local Self Government be pleased to state:

The reasons for staying the sanction given to the Aroor Village Panchayat for deepening the Chandiroor Puthenthodu?

Minister for Local Self Government (**Shri K. Kochukuttan**): Sanction was stayed by the Director of Panchayats on receipt of a petition dated 3-1-1952 complaining about the starting of the work before the necessary survey was over.

ട്രാക്ടറുകൾ.

*൨൪൧. [൨൩] ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

(എ) ഭക്ഷ്യോൽപ്പാദനവികസന പരിശ്രമത്തിനു എത്ര ട്രാക്ടറുകൾ ഇന്നു തൃശ്ശൂർ ഡിസ്ട്രിക്ടിൽ പ്രവൃത്തനം നടത്തുന്നുണ്ടു്?

(ബി) എത്രയെണ്ണം പ്രവൃത്തിക്കാതെ കേടുവന്നു കിടപ്പുണ്ടു്; ഉണ്ടെങ്കിൽ ഇവ കേടു തീർത്തു പ്രവൃത്തി നടത്താൻ അടുത്തെങ്ങും വല്ല സാദ്ധ്യതയും ഉണ്ടോ?

(സി) കേടുവന്നു കിടക്കുന്ന ട്രാക്ടറുകളുടെ മെയിൻറനൻസിനു വേണ്ടി ൧൯൫൦, ൧൯൫൧ എന്നീ കൊല്ലങ്ങളിൽ ഗവൺമെൻറു് എത്ര പണം ചെലവാക്കിയിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) രണ്ടു ട്രാക്ടറുകൾ.

(ബി) രണ്ടു ട്രാക്ടറുകളും ഇപ്പോൾ അഴിച്ചു നന്നാക്കിക്കൊണ്ടിരിക്കുകയാണു്. അടുത്ത സീസനിൽത്തന്നെ അതു് പ്രവൃത്തനയോഗ്യമായിത്തീരും.

(സി) ൧൧,൨൭൯ രൂപ ൧൩ ണ.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: എത്ര കാലമായിട്ടു് ഈ ട്രാക്ടറുകൾ കേടുവന്നു കിടക്കുകയാണു്?

ശ്രീ. ഏ. ജെ. ജാൺ: ൧൯൫൧-ലെ മിക്ക സമയങ്ങളിലും ഇതു് ഉപയോഗത്തിൽ ഇരുന്നിരുന്നു.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഈ ട്രാക്ടറുകളിൽനിന്നു് ഗവൺമെൻറിനു് ഇതുവരെ വല്ലതെങ്കിലും ആദായം കിട്ടിയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: മിഷ്യൻപ്രവൃത്തനം മൂലം ൨൪,൨൩൫ രൂപ ഗവൺമെൻറിനു് വരവുണ്ടു്

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ഇവയ്ക്കു് ഇതുവരെ എന്തു ചെലവു് വന്നിട്ടുണ്ടു്?

ശ്രീ. എ. ജെ. ജാൺ : അതിന്റെ കണക്കു് എന്റെ കൈവശമില്ല.

മുനിസിപ്പാലിററി പൊതുതെരഞ്ഞെടുപ്പു്.

* ൨൪൨. [൨൪] ശ്രീ. പി. ഭാസ്കരൻനായർ: താഴെ പറയുന്ന ചോദ്യത്തിനു് പ്രാദേശികസ്വയംഭരണവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

മുനിസിപ്പാലിററികളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പു് എന്നു നടത്തുവാനാണു് ഗവണ്മെന്റു തീരുമാനിച്ചിരിക്കുന്നതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): ഗവണ്മെന്റു് ഇതിനെസംബന്ധിച്ചു് ഒരു തീരുമാനവും ഇതുവരെ ചെയ്തിട്ടില്ല.

ശ്രീ. പി. ഭാസ്കരൻനായർ: അതിനു മുൻപു് ഈ വാർഡുകൾ പുനർവിഭജനം ചെയ്യുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനുള്ള ആവശ്യമായ നടപടികൾ എടുക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടു്. അതിനുപുറമെ ഇതിനെസംബന്ധിച്ചുള്ള നിയമത്തിൽ ചില ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടു്. അതിനു് ആവശ്യമായ ബില്ലു് ഇവിടെ അവതരിപ്പിക്കുന്നുണ്ടു്.

ശ്രീ. പി. ഭാസ്കരൻനായർ: കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നടന്നതു പോലെ ആൾമാറാട്ടവും മററും ഉണ്ടാകാതെയിരിക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആവശ്യമായ നടപടികൾ എടുക്കാം.

ശ്രീ. എൻ. രാജഗോപാലൻനായർ: പൊതുതെരഞ്ഞെടുപ്പു വരുമ്പോഴാണോ മുനിസിപ്പാലിററി തെരഞ്ഞെടുപ്പും നടത്താറുള്ളതു്?

Mr. Speaker: That is a different question. Order, order. Next question.

പൂവക്കളും ചേരിക്കൽ തരിശുസ്ഥലം.

* ൨൪൩. [൨൭] ശ്രീ. എൻ. രാഘവക്കുറുപ്പു്: താഴെ പറയുന്ന ചോദ്യത്തിനു് റവന്യൂവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) മീനച്ചൽ താലൂക്കിൽ രാമപുരം പകുതിയിൽ പൂവക്കളും ചേരിക്കൽ എന്നറിയപ്പെടുന്ന സർക്കാർ തരിശുസ്ഥലം സർക്കാരിലേക്കു് എങ്ങനെ കിട്ടി?

(ബി) ആ സ്ഥലത്തിന്റെ മുൻ ഉടമസ്ഥൻ ടി സ്ഥലം അയാൾക്കു തിരിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടിരുന്നോ?

(സി) ആ സ്ഥലം ഇപ്പോൾ ആരുടെ കൈവശം?

ரெவன்யூ இலாகா மந்திரி (ஸ்ரீ ஏ. சிதம்பரநாத நாடார்):

(ஏ) மீனச்சல் தாலுகாவில் ராமபுரம் பகுதி பூவக்குளம் சேரிக்கல் என்று சொல்லப்படும் தரிசு பூமியானது, சர்க்கார் ஆவசியப்பட்டபோது பொன்விலை கொடுத்து எடுக்கப்பட்டது.

(பி) அந்த இடத்தின் சொந்தக்காரர் மேற்படி இடத்தை அவருக்குத் திரும்பிக் கொடுக்கவேண்டுமென்று ஆவசியப்பட்டதுண்டு.

(ஸி) அந்த இடம் தற்போது சர்க்காரின் கைவசம் இருந்து கொண்டிருக்கிறது.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ആ സ്ഥലത്തു് കുടികിടന്നിരുന്ന ആളിനെ ഇറക്കിവിട്ടതായിട്ടു് അറിയാമോ?

ശ്രീ. എ. ചിതംബരനാഥനാടാർ: ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അവിടെ കുടികിടന്നിരുന്ന ആളുകൾക്കുതന്നെ ആ സ്ഥലം കൊടുക്കാത്തതു് എന്താണു്?

Mr. Speaker: Order, order. It is purely an individual matter. Therefore, further questions do not arise.

Shri M. M. Abdul Khader: On a point of order, Sir, I myself went and represented to the Minister concerned regarding the eviction of the people from the Poovakulam area. He has now denied it on the floor of the House.

Mr. Speaker: Next question, please.

I have already issued a circular covering 27 paragraphs which will enable Members to know at least the etiquette and other things to be observed in this House. When an interpellation is put by a Member he has a preferential right to put supplementary questions.

വീരശൈവസമുദായം.

*൨൪൪. [൨൬] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെപറയുന്ന ചോദ്യങ്ങൾക്കു് ലോക്കൽ സെൽഫ് ഗവണ്മെന്റ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) പട്ടികജാതിയിൽപ്പെട്ട സമുദായക്കാർ ഏതൊക്കെയെന്നു് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്തു്?

(ബി) തിരുവിതാംകൂർ-കൊച്ചിയിൽ വീരശൈവസമുദായത്തെ എന്നെങ്കിലും പട്ടികജാതിയിൽ കൊള്ളിച്ചിരുന്നോ? എന്തുകൊണ്ടു് അവരെ ഇപ്പോൾ പട്ടികജാതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല?

(സി) വീരശൈവരെ പട്ടികജാതിയിൽ കൊള്ളിച്ചിരുന്ന കാലത്തു് അവർക്കുണ്ടായിരുന്ന അവശതകൾ ഇന്നും അവർ അനുഭവിക്കുന്നുണ്ടോ?

(ഡി) പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ മററു പിന്നാക്ക സമുദായക്കാർക്കെങ്കിലും ചെയ്തുകൊടുക്കുന്നുണ്ടോ ? അപ്രകാരമുള്ള ആനുകൂല്യങ്ങൾ വീരശൈവർക്കും കിട്ടണമെന്ന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സാമ്പത്തികമായും സാമുദായികമായും വിദ്യാഭ്യാസപരമായും ഉള്ള നിലകളെ മാനദണ്ഡമാക്കിയാണ് ഓരോ ജാതിയേയും പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നത്.

(ബി) വീരശൈവരെ കുറെക്കാലത്തേക്ക് പട്ടികജാതിയിൽ ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ അവർ സാമ്പത്തികമായും സാമുദായികമായും വിദ്യാഭ്യാസപരമായും മററു ജാതിക്കാരുടെ നിലയിൽ എത്തിയിട്ടുണ്ടെന്നു് ബോദ്ധ്യം വന്നിട്ടുള്ളതുകൊണ്ട് ഇപ്പോൾ അവരെ പട്ടികജാതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഏതു വർഷംവരെ വീരശൈവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിരുന്നു എന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കുറെക്കാലത്തേക്ക് അവരെ അങ്ങനെ ഗണിച്ചുവന്നിരുന്നു. ഭരണഘടനയനുസരിച്ച് പട്ടികജാതിയിൽ ഉൾപ്പെടുത്തുവാൻ ഇൻഡ്യൻപ്രസിഡണ്ടിന്റെ അംഗീകാരം ആവശ്യമാണ്. അദ്ദേഹത്തിന്റെ അംഗീകാരത്തിനു അയച്ചപ്പോൾ അദ്ദേഹം വീരശൈവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അതു എന്തുകൊണ്ടാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വീരശൈവർ അത്രത്തോളം താണനിലയിൽ അല്ലാത്തതുകൊണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങനെയാണെങ്കിൽ മുൻപു അവരെ എങ്ങനെ പട്ടികജാതിയിൽ ഉൾപ്പെടുത്തി ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആദ്യം അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ പിന്നീട് അവരുടെ ഒരു നിവേദനം ലഭിച്ചതുകൊണ്ട് അവരെക്കൂടി ഉൾപ്പെടുത്തണമെന്ന് ഇൻഡ്യൻപ്രസിഡൻറിനു് എഴുതി അയച്ചു. അദ്ദേഹം അവരെ ഉൾപ്പെടുത്തിയില്ല. ഇതോടുകൂടി ഒരു കാര്യംകൂടി ഓർമ്മിക്കേണ്ടതുണ്ട്. ഇങ്ങനെ ഒരു നിവേദനം വീരശൈവരിൽനിന്നു കിട്ടിയെങ്കിലും വീരശൈവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തരുതെന്നും അതു് അവർക്കു കുറവാണെന്നും പത്രപ്രസ്താവനകൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇവിടത്തെ പത്രങ്ങളിലാണോ വെളിയിലുള്ള പത്രങ്ങളിലാണോ അങ്ങനെയുള്ള പ്രസ്താവനകൾ പറപ്പെടുവിച്ചിരുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: തിരുവിതാംകൂർ-കൊച്ചി രാജ്യത്തുള്ള പത്രങ്ങളിൽ

ശ്രീ. പി. വി. അവിരാത്തരകൻ: പത്രപ്രസ്താവനകൾ അനുസരിച്ചാണോ ഗവണ്മെന്റ നടപടി നടത്തുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതനുസരിച്ചും അന്വേഷണം നടത്താറുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇൻഡ്യൻ പ്രസിഡന്റ് അവരെ ഉൾപ്പെടുത്തിയതു് ഡെൽഹിയിലുള്ള വീരശൈവരുടെ നിലയെ അടിസ്ഥാനമാക്കിയാണെന്നും ഇവിടത്തെ വീരശൈവർക്കു് അവശതകൾ ഉണ്ടെന്നും ഈ ഗവണ്മെന്റിൽനിന്നും അറിയിക്കുകയുണ്ടായോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന്റെ ആവശ്യമില്ലെന്നു കണ്ടു. അതായതു് ഇവിടത്തെ വീരശൈവർക്കു പട്ടികജാതിയിൽ ഉൾപ്പെടുത്തത്തക്ക അവശതകൾ ഇല്ലെന്നു് ഗവണ്മെന്റിനു ബോദ്ധ്യമായി.

ശ്രീ. എൻ. രാജഗോപാലൻനായർ: പട്ടികജാതിക്കാർ അല്ലാത്തവർ ചില സൗജന്യങ്ങൾക്കുവേണ്ടി പട്ടികജാതിക്കാരാണെന്നു പറയുമ്പോൾ യഥാർത്ഥത്തിലുള്ള പട്ടികജാതിക്കാർക്കു് വൈഷമ്യങ്ങൾ ഉണ്ടാകുന്നുവെന്നു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെവരാം.

സചിവോത്തമപുരം കാളനി.

*൨൪൭. [൨൧] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചങ്ങനാശേരി താലൂക്കിൽ കുറിച്ചിപകുതിയിൽ സ്ഥാപിച്ചിട്ടുള്ള സചിവോത്തമപുരം കാളനിയിൽ എത്ര വീട്ടുകാർ താമസമുണ്ടു്?

(ബി) ഓരോ വീട്ടുകാർക്കും എത്ര ഏക്കർ ഭൂമിവീതം കൊടുത്തിട്ടുണ്ടു്?

(സി) അവർക്കു കൊടുത്തിട്ടുള്ള സ്ഥലത്തുനിന്നും ആണ്ടുതോറും എന്തെങ്കിലും ആദായവീതം ഗവണ്മെന്റിലേക്കു ഈടാക്കുന്നുണ്ടോ?

(ഡി) കാളനിവകയായി ആകെ എത്ര ഏക്കർ ഭൂമിയുണ്ടു്?

(ഇ) ഈ അസംബ്ലിയിലെ ഒരു ബഹുമാനപ്പെട്ട മെംബർ കോളനിവക സ്ഥലത്തിൽ കുറെ സ്ഥലം കൈവശംവച്ചു് കൃഷിചെയ്തുവരുന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൮൦ വീട്ടുകാർ.

(ബി) ഓരോ വീട്ടുകാർക്കും ഒരേക്കർ ഭൂമിവീതം കൊടുത്തിട്ടുണ്ടു്.

(സി) പ്രത്യേകമായി യാതൊരു ആദായവും ഈടാക്കുന്നില്ല.

(ഡി) ൧൩൨ ഏക്കർ.

(ഇ) പരാതി യാതൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അവിടത്തെ താമസക്കാരിൽനിന്നും സർക്കാരിലേക്ക് എന്നു പറഞ്ഞു് കുറെ ആളുകൾ ആദായം വാങ്ങിച്ചുവരുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇതേവരെ വാങ്ങിച്ചിട്ടില്ല. അങ്ങനെ ഒരു പരാതിയും ലഭിച്ചിട്ടില്ല.

അദ്ധ്യാപകരുടെ സ്റ്റൈപ്പൻറ്.

* ൨൪൩. [൨൭] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ട്രെയിനിംഗിനെടുക്കുന്ന പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു കൊച്ചിവിഭാഗത്തിൽ കൊടുക്കുന്ന സ്റ്റൈപ്പൻറ് എത്ര? തിരുവിതാംകൂർ വിഭാഗത്തിൽ കൊടുക്കുന്നതെത്ര?

(ബി) ട്യൂഷൻഫീസ്, പരീക്ഷാഫീസ്, അസോസിയേഷൻ ഫീസ് എന്നിവ ഈ സ്റ്റൈപ്പൻറിൽനിന്നും കൊടുക്കണമൊ, അതോ സർക്കാർതന്നെ വഹിക്കുമോ? (രണ്ടുവിഭാഗത്തിലെയും വേർതിരിച്ചു പറയുക.)

(സി) ഈ വ്യത്യാസത്തിനു കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) കൊച്ചിവിഭാഗത്തിൽനിന്നും ട്രെയിനിംഗിനു പോകുന്നവർക്കു അവർ ട്രെയിനിംഗിനു പോകുന്ന സമയത്തു് വാങ്ങിയിരുന്ന ശമ്പളത്തിൻെറ പകുതി (20 രൂപയിൽ കുറയാതെ) സ്റ്റൈപ്പൻറും ശമ്പളത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ക്ഷാമബത്തയും കൊടുക്കുന്നുണ്ടു്. തിരുവിതാംകൂർ വിഭാഗത്തുനിന്നും പോകുന്ന അദ്ധ്യാപകവിദ്യാർത്ഥികൾക്കു് 20 രൂപയാണു് സ്റ്റൈപ്പൻറായി കൊടുക്കുന്നതു്.

(ബി) അംഗീകാരം സിദ്ധിച്ചിട്ടുള്ള ഏതെങ്കിലും സ്കൂളുകളിൽ ഒരു കൊല്ലത്തിൽ കുറയാതെയുള്ള തുടർച്ചയായ സർവ്വീസുള്ളവർക്കു് കൊച്ചി വിഭാഗത്തെ ട്രെയിനിംഗ്സ്കൂളുകളിൽ സാധാരണ ഫീസു കൊടുക്കേണ്ടതില്ല. സ്റ്റൈപ്പൻറുകാരല്ലാത്ത പ്രൈവററു വിദ്യാർത്ഥികൾ ഫീസു കൊടുക്കണം. ലൈബ്രറിഫീസ്, സ്പോർട്ട്സ് ഫീസ്, സ്റ്റേഷനറിഫീസ് മുതലായ സ്പെഷ്യൽ ഫീസുകൾ രണ്ടുക്കൂട്ടരിൽനിന്നും ഈടാക്കുന്നുണ്ടു്. കോഡു് നിയമപ്രകാരമൊ ഗവണ്മെൻറിൻെറ പ്രത്യേക കല്പനപ്രകാരമൊ സൌജന്യവിദ്യാഭ്യാസം ലഭിക്കുന്നവരെ പരീക്ഷാഫീസു കൊടുക്കുന്നവരിൽനിന്നും ഒഴിവാക്കിയിട്ടുണ്ടു്.

തിരുവിതാംകൂർ വിഭാഗത്തിൽ പ്രൈവററുകാരും സ്റ്റൈപ്പൻറുകാരുമായ എല്ലാ അദ്ധ്യാപകവിദ്യാർത്ഥികളും ട്യൂഷൻഫീസും, സ്പെഷ്യൽഫീസും, പരീക്ഷാഫീസും കൊടുക്കണം. കോഡു നിയമപ്രകാരമൊ ഗവണ്മെൻറിൻെറ പ്രത്യേക ഉത്തരവനുസരിച്ചോ സൌജന്യവിദ്യാഭ്യാസം ലഭിക്കുന്നവരെ മാത്രമെ ഫീസുകളിൽനിന്നും ഒഴിവാക്കിയിട്ടുള്ളു.

(സി) രണ്ടുവിഭാഗത്തിലും മുൻപുണ്ടായിരുന്ന റൂളുകൾ തുടരുകയാണു്. റൂളുകളുടെ ഏകീകരണം പൂർത്തിയാകാത്തതാണു് ഈ വ്യത്യാസത്തിനു കാരണം.

ശ്രീ. സി. അച്യുതമേനോൻ: തിരുവിതാംകൂർ വിഭാഗത്തിൽ ഇങ്ങനെയുള്ള സ്കൂളുകൾ എത്രയെന്നും, കൊച്ചീവിഭാഗത്തിൽ എത്രയെന്നും പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതലായ വിവരങ്ങൾ ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. സി. അച്യുതമേനോൻ: അതിലേക്കുള്ള ചെലവ് സർക്കാരിൽ നിന്നും വഹിക്കുകയാണെങ്കിൽ എത്രത്തോളം പണം വേണ്ടിവരുമെന്നു കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കുറെ സംഖ്യ കൂടുതൽ വേണ്ടിവരും.

എസ്. എൽ. സി. പരീക്ഷ.

*൨൪൧. [൨൬] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

(എ) ഇക്കഴിഞ്ഞ എസ്. എൽ. സി. പരീക്ഷയിൽ ചേർന്നവരുടെ എണ്ണം എത്ര? പാസ്സായവരുടെ എണ്ണമെത്ര? സ്റ്റേറ്റിൽ ഒട്ടാകെ പാസ്സായവരുടെ ശതമാനമെന്ത്?

(ബി) പാസ്സായവരുടെ ശതമാനക്കണക്ക് കൊച്ചിയും തിരുവിതാംകൂറും വേർതിരിച്ചു പറയാമോ? ഇല്ലെങ്കിൽ തൃശ്ശൂർ ഡിസ്ട്രിക്ടിന്റെയെങ്കിലും വേർതിരിച്ചു പറയാമോ? എത്രയാണത്?

(സി) പാസ്സിന്റെ ശതമാനത്തിൽ കാണുന്ന വ്യത്യാസത്തിനു കാരണമെന്ത്? അതു തീർക്കാൻ എന്തു നടപടി നടത്താൻ ഗവണ്മെന്റ ഉദ്ദേശിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പരീക്ഷയിൽ ചേർന്നവർ ൨൮,൩൩൬. പാസ്സായവർ ൧൪,൪൯൨. സ്റ്റേറ്റിൽ ഒട്ടാകെ പാസ്സായവരുടെ ശതമാനം ൫൦·൬.

(ബി) പാസ്സായവരുടെ ശതമാനം തിരുവിതാംകൂർ വിഭാഗം ൫൨·൩; കൊച്ചീ വിഭാഗം ൪൪·൩.

(സി) കൊച്ചിയെസംബന്ധിച്ചിടത്തോളം എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിപ്പിക്കുവാൻ തുടങ്ങിയതിനുശേഷം ഉണ്ടായിട്ടുള്ള ആദ്യത്തെ പരീക്ഷയാണിത്. അതുകൊണ്ടായിരിക്കാം പാസ്സായിട്ടുള്ളവരുടെ ശതമാനത്തിൽ വ്യത്യാസം കാണുന്നത്. ഈ വ്യത്യാസം വേഗം പരിഹരിക്കപ്പെട്ടുമെന്നു കരുതാം.

ശ്രീ. സി. അച്യുതമേനോൻ: (ബി) ചോദ്യത്തിന്റെ ഉത്തരം വ്യക്തമായി കേട്ടില്ല.

ശ്രീ. എ. ജെ. ജാൺ: പാസ്സായവരുടെ ശതമാനം തിരുവിതാംകൂർ വിഭാഗത്തിൽ ൫൨·൩-ം, കൊച്ചീവിഭാഗത്തിൽ ൪൪·൩-ം ആണ്.

ശ്രീ. സി. അച്യുതമേനോൻ: ഈ വ്യത്യാസംകൊണ്ട് കൊച്ചീവിഭാഗത്തിലെ വിദ്യാഭ്യാസം തിരുവിതാംകൂർവിഭാഗത്തേക്കാൾ മോശമാണെന്നുവരുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ: ൪൪·൩ ശതമാനം വിദ്യാർത്ഥികൾ അവിടെ പാസ്സായിട്ടുണ്ട്. അത്ര അത്ര കുറവാണെന്നു പറയാൻ തരമില്ല.

സർവ്വീസ്സ് സംയോജനം.

❋ ൨൪൯. [൩൦] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ-കൊച്ചി സർവീസ് സംയോജനം പൂർത്തിയായിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ സംയോജനം നടപ്പിൽവരുത്തുന്നതിന് കാലവിളംബത്തിനുള്ള കാരണമെന്ത്?

(സി) സർവ്വീസ് സംയോജനംസംബന്ധിച്ച് എന്ത് അടിസ്ഥാന തത്വമാണ് ഗവണ്മെൻറ് അവസാനമായി അംഗീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല.

(ബി) സർവ്വീസ്സംയോജനം സംബന്ധിച്ച് വൈഷമ്യമേറിയ പല പ്രശ്നങ്ങളുമുണ്ട്.

(സി) അടിസ്ഥാനതത്വങ്ങളടങ്ങിയ ഗവണ്മെൻറ പ്രൊസീഡിംഗ്സ് നമ്പർ ഏ. സ്. ൫—൭൯൩൧൫/൪൯/സി. എസ്. Dated ൨൧—൯—൫൦—ം അതിനുശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മേശമേൽ വച്ചിട്ടുണ്ട്. †

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇന്നത്തെനിലയിൽ സർവ്വീസ് സംയോജനം നട ിയാൽ തിരുവിതാംകൂറിൽനിന്ന് ഒരു വിഭാഗം ഉദ്യോഗസ്ഥന്മാർ വെളിയിൽ പോകേണ്ടിവരുമെന്നറിയാമോ?

Mr. Speaker: We have had sufficient discussion on this matter. Alright, the member may put the question.

ശ്രീ. എൻ. രാജഗോപാലൻനായർ: തിരുവിതാംകൂറിൽ കുറവായും കൊച്ചിയിൽ കൂടുതലായുമുള്ള ശമ്പളസ്കെയിലുകൾനിമിത്തം ഉയന്ന ശമ്പളമുള്ള ഉദ്യോഗങ്ങൾ കൊച്ചീ വിഭാഗത്തിനു കിട്ടുകയും, തിരുവിതാംകൂർവിഭാഗ ിനു കിട്ടാതാകയും ചെയ്യും. അങ്ങനെ വരുമ്പോൾ ഇവിടെയുള്ള അധികഭാഗം ആളുകളും പുറത്തുപോകേണ്ടിവരുകയില്ലേ?

Mr. Speaker: Is it not a hypothetical question?

Shri N. Rajagopalan Nair: As it is.

ശ്രീ. എ. ജെ. ജാൺ: ഇന്നത്തെ നിലയിൽ പ്രാധാന്യം നൽകുന്നതു് ഏതടിസ്ഥാനത്തിലാണെന്ന് ഇപ്പോൾ പറയുന്നതു് എങ്ങനെയാണ്?

Mr. Speaker: The member must listen to the answers before he puts the question.

† See appendix I.

Shri N. Rajagopalan Nair : That answer was a question, Sir, കൊച്ചി വിഭാഗത്തിൽ ഉയന്ന ശമ്പളസ്കെയിലും തിരുവിതാംകൂർ വിഭാഗത്തിൽ കുറഞ്ഞ ശമ്പളസ്കെയിലും ആണുള്ളതു്. അതുകൊണ്ടു് ശമ്പളംമാത്രം നോക്കി സവ്വീസ്സംയോജനം നടത്തിയാൽ കൊച്ചി വിഭാഗത്തിലുള്ളവർ മുന്നോട്ടുവരുവാനും തിരുവിതാംകൂർ വിഭാഗത്തിൽ ആ കൂട്ടത്തിൽപ്പെട്ടവരൊഴിച്ചു് ബാക്കിയുള്ളവരെല്ലാം പുറത്തേയ്ക്കു പോകുവാനുമിടയാകും.

Mr. Speaker : It is a very informative speech, not a question. *(Laughter.)*

ജായിൻറസ്റ്റാക്ക കമ്പനി രജിസ്ട്രാരുടെ വകുപ്പ്.

* ൨൪൯. [൩൨] ശ്രീ. വാറുണ്ണി പളിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) നമ്മുടെ സംസ്ഥാനത്തു പ്രവത്തനംചെയ്യുന്ന ജായിൻറസ്റ്റാക്ക രജിസ്ട്രാരുടെ വകുപ്പ കേന്ദ്രഗവണ്മെൻറിൻെറ ഒരു ഏജൻസിആയിട്ടാണോ ജോലിചെയ്യുന്നതു്?

(ബി) ടി വകുപ്പിലെ വരുമാനത്തിൻെറ ഏതെങ്കിലും വീതം നമ്മുടെ ഗവണ്മെൻറിനു് കിട്ടുന്നുണ്ടോ? അതോ മുഴുവനും കേന്ദ്രഗവണ്മെൻറിലേയ്ക്കു കൊടുക്കുകയാണോ?

(സി) ടി വകുപ്പിൽ എത്ര ഉദ്യോഗസ്ഥന്മാരുണ്ടു്?

(ഡി) അവരുടെ ശമ്പളം കേന്ദ്രഗവണ്മെൻറിലെ ശമ്പളത്തോതു് അനുസരിച്ചാണോ?

(ഇ) അല്ലെങ്കിൽ അതിനു പ്രത്യേക കാരണങ്ങളുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നമ്മുടെ സംസ്ഥാനത്തു പ്രവത്തനംനടത്തുന്ന ജായിൻറസ്റ്റാക്ക രജിസ്ട്രാരുടെവകുപ്പു് കേന്ദ്രഗവണ്മെൻറിൻെറ ഒരു ഏജൻസിയായിട്ടാണു നടത്തുന്നതു്.

(ബി) ആ വകുപ്പിൻെറ വരുമാനത്തിൽ ഒരു വീതവും ഈ ഗവണ്മെൻറിനു കിട്ടുന്നില്ല. ആ വകുപ്പിൻെറ ചെലവു മുഴുവൻ കേന്ദ്രഗവണ്മെൻറാണു നടത്തുന്നതു്?

(സി) ആ വകുപ്പിൽ ൨൯ ഉദ്യോഗസ്ഥന്മാരുണ്ടു്.

(ഡി) അവരുടെ ശമ്പളം കേന്ദ്രഗവണ്മെൻറിലെ ശമ്പളത്തോതിനെ അനുസരിച്ചല്ല.

(ഇ) പ്രത്യേകകാരണങ്ങളൊന്നും ഉള്ളതായി ഈ ഗവണ്മെൻറിനറിവില്ല.

ശ്രീ. വാറുണ്ണി പളിക്കൽ : കേന്ദ്രഗവണ്മെൻറിൻെറ ഒരു ഏജൻറായിട്ടു നടത്തുകയാണെങ്കിൽ നമ്മുടെ സ്റ്റേററിലെ ഉദ്യോഗസ്ഥനാകകൊണ്ടു ആ വകുപ്പിലെ വരുമാനത്തിൻെറ ഏതെങ്കിലും ഒരു വീതം ഈ ഗവണ്മെൻറിനു കിട്ടേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു കിട്ടുകയാണെങ്കിൽ നല്ലതാണ്.

ശ്രീ. വാറുണ്ണി പുളിക്കൽ: അതിനെസംബന്ധിച്ചു വല്ല നിവേദനങ്ങളും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. നിവേദനങ്ങൾ കിട്ടിയാൽ അതു് ഈ ഗവണ്മെന്റിന്റെ ശക്തിയായ ശുപാർശയോടുകൂടി കേന്ദ്രഗവണ്മെന്റിനയയ്ക്കാം.

ശ്രീ. വാറുണ്ണി പുളിക്കൽ: ആ ഉദ്യോഗസ്ഥന്റെ ശമ്പളസ്കെയിൽ കേന്ദ്രഗവണ്മെന്റിന്റെ തോതുമായി ഏകീകരിക്കുവാൻ ഗവണ്മെന്റു ശ്രദ്ധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: കുറഞ്ഞ ശമ്പളത്തിൽ ഏജൻസി എടുക്കാതിരിക്കാൻ ഗവണ്മെന്റു ശ്രദ്ധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെന്റിന്റെ ശമ്പളത്തിൽ കുറവൊന്നുമില്ല.

Fee from the S. S. L. C. Students.

*250. [32] **Shri E. P. Varghese**: Will the Minister for Education be pleased to state:

(a) the amount of examination fee received from the S. S. L. C. students in 1951;

(b) the amount spent for the conduct of the S. S. L. C. examination;

(c) the scale of remuneration for valuing papers of the S. S. L. C- students?

Chief Minister (**Shri A. J. John**): (*a*) Rs. 1,02,528.

(*b*) Rs. 64,080.

(*c*) Annas 8 per paper of 2½ hours or more duration and 6 annas per paper of less duration.

Shri E. P. Varghese: Does not the Government think it necessary to increase the remuneration of the examiners in view of the fact that they very often yield to the corrupting influence brought to bear upon them?

Shri A. J. John: At present there is no corruption in the conduct of the examiners.

Shri E. P. Varghese: Is the Government aware that after the examanation is over students and their guardians seek to approach the examiners and try to bear various influence on them?

Shri A. J. John: Government have no such information.

പിന്നോക്കസമുദായ വിഭാഗങ്ങൾ.

❋ ൨ ൫ ൧. [൩൩] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ പിന്നോക്കസമുദായങ്ങളെ എത്ര വിഭാഗമായിട്ടാണ് ഗവണ്മെൻറ് തരംതിരിച്ചിരിക്കുന്നതു്?

(ബി) ഈ തരംതിരിപ്പിന് എന്തു മാനദണ്ഡമാണ് ഗവണ്മെൻറ് സ്വീകരിച്ചതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സംസ്ഥാനത്തെ പിന്നോക്കസമുദായങ്ങളെ നാലു വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. അവ (൧) പട്ടികജാതിക്കാർ (൨) പട്ടികവർഗ്ഗക്കാർ (൩) മററു പിന്നോക്കസമുദായക്കാർ (൪) മേൽ പറഞ്ഞ വിഭാഗങ്ങളിൽനിന്ന് ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തിട്ടുള്ളവർ.

(ബി) പിന്നോക്കസമുദായക്കാരുടെ സാമ്പത്തികസാമൂഹ്യവിദ്യാഭ്യാസപരമായ സ്ഥിതിയെ അടിസ്ഥാനമാക്കിയാണ് തരംതിരിക്കുന്നതു്.

ശ്രീ. പി. ചാക്കോ: ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തുപോയാൽ പിന്നെ ആനുകൂല്യം എടുത്തുകളയുവാൻ കാരണമെന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരുടെ സാമുദായികവും സാമ്പത്തികവുമായ അവശതകൾ മററുള്ളവരെ അപേക്ഷിച്ചു പരിഹരിക്കപ്പെട്ടുമെന്നുള്ളതിനാലാണു കൊടുക്കാത്തതു്.

ശ്രീ. പി. ചാക്കോ: അവർ തിരിയെ ഹിന്ദുമതത്തിലേക്കു വന്നാൽ ആനുകൂല്യം കൊടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പുലയനായിരുന്ന ഒരാൾ ക്രിസ്ത്യാനിയായതിനുശേഷം, വീണ്ടും പുലയനായി വരികയാണെങ്കിൽ അയാൾക്കു പുലയനാണെന്നുള്ള നിലയിൽ അവശതകളുണ്ടാകും.

ശ്രീ. എ. കുഞ്ഞൻനാടാർ: ബഹുമാനപ്പെട്ട മന്ത്രി പുലയനാണോ ക്രിസ്ത്യാനിയാണോ?

Mr. Speaker: The question need not be answerd. That does not come within the administrative responsibility of the Government.

ശ്രീ. പി. ചാക്കോ: സാമുദായികമായ അവശതകളോ, സാമ്പത്തികമായ അവശതകളോ ഏതിനെ പരിഗണിച്ചാണ് ആനുകൂല്യങ്ങൾ നൾകുന്നതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: സാമുദായികമായ അവശതകളെയാണു പരിഗണിക്കുന്നതു്.

ശ്രീ. വാറുണ്ണി പുളിക്കൽ: സാമ്പത്തികമായ ഉന്നമനം പെട്ടെന്നുണ്ടാകുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. ഒ. സി. നൈനാൻ: മതത്തെ അടിസ്ഥാനമാക്കി ഒരു അസമത്വം പാടില്ലെന്നു ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷനിൽ വകുപ്പില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിലാണു പട്ടികജാതിക്കാർക്കു ചില സൗജന്യങ്ങൾ അനുവദിച്ചുകൊടുക്കണമെന്നു പറഞ്ഞിരിക്കുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: ക്രിസ്തുമതത്തിൽ ചേർന്നിട്ടുള്ളവർക്കു് എന്തുകൊണ്ടാണു ആനുകൂല്യം കൊടുക്കാത്തതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോഴും കൊടുക്കുന്നുണ്ടു്. അവരുടെ കുട്ടികൾക്കു് ഫീസ്സ് കൊടുക്കേണ്ട. പരീക്ഷാഫീസുപോലും കൊടുക്കേണ്ട. എന്നാൽ പട്ടികജാതിയിലെ ഒന്നും രണ്ടും ലിസ്റ്റിൽപെട്ടവർക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്കു ലഭിക്കുന്നില്ലെന്നു മാത്രം.

ശ്രീ. ഒ. സി. നൈനാൻ: ആ നിലയിൽ മതവ്യത്യാസംകൊണ്ടു കൂടുതൽ കുറവായി കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പട്ടികജാതിക്കാരുടെ കൂട്ടത്തിൽ കുറെ സമുദായക്കാരെ പെടുത്തിയിട്ടുണ്ടു്. അവർക്കു ചില ആനുകൂല്യങ്ങൾ കൂടുതൽ നൽകുന്നുണ്ടു്.

ശ്രീ. പി. ചാക്കോ: ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷനിൽ ഏതെല്ലാം വകുപ്പുകളിലാണു പട്ടികജാതിക്കാർ, പിന്നോക്കസമുദായക്കാർ എന്നൊക്കെ തരംതിരിച്ചിട്ടുള്ളതു്.

Mr. Speaker: : That can be found out from the Constitution.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, പിന്നോക്കസമുദായത്തിൽപെട്ട ആളുകൾ ക്രിസ്തുമതം സ്വീകരിച്ചാൽ അവരുടെ അവശതകൾ പരിഹരിക്കപ്പെടുമെന്നു്. അങ്ങനെയാണെങ്കിൽ ഹിന്ദുക്കൾ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തുപോയാൽ അവരുടെ അവശതകൾ പരിഹരിക്കുവാൻ ഗവണ്മെൻറ സഹായിക്കുമോ?

Mr. Speaker: That question need not be answered.

WRITTEN ANSWERS.

ആനുകൂല്യങ്ങൾ ലഭിക്കുന്ന വിദ്യാർത്ഥിവിഭാഗങ്ങൾ.

* ൨൫൨. [൩൪] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറിൽനിന്നും ആനുകൂല്യങ്ങൾ നൽകുന്ന സമുദായങ്ങൾ ഏവ?

(ബി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ ആണു് ഈ സമുദായങ്ങൾക്കു് നൽകുന്നതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ—ബി) പിന്നോക്കസമുദായഡിപ്പാർട്ടുമെൻറിൽനിന്നും ആനുകൂല്യങ്ങൾ നൽകുന്ന സമുദായങ്ങളുടെയും അവർക്കു നൽകുന്ന ആനുകൂല്യങ്ങളുടെയും ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

* See appendix II.

ഹരിജൻ കാളനികൾ.

❋ ൧൫൩. [൩൫] ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

(എ) സംസ്ഥാനത്തെ ഹരിജൻ കാളനികൾ മന്ത്രി നേരിട്ടു സന്ദർശിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കാളനികൾ ഏതെല്ലാം?

(സി) പ്രസ്തുത സന്ദർശനത്തീയതികൾ ഏതെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ചില കോളനികൾ സന്ദർശിച്ചിട്ടുണ്ട്.

(ബി—സി)

ആലടിച്ചേരി	൨൩-൮-൫൭
ചേരമടം	,,
തൃപ്പതിസാരം	,,
താഴക്കുടി	,,
ആരുവാമൊഴി	,,
കരയാംകുഴി	൨൮-൮-൫൭
തേരൂർ	,,
സമയാക്കുളം	,,
ചേരകര	൧൨-൮-൫൭
എറണാകുളം	൧൯-൮-൫൭
സചിവോത്തമപുരം	൧൬-൮-൫൭
എരുമേലി	൩-൯-൫൭
ശിവരാമപുരം	൧൧-൯-൫൭
വെളിയന്നൂനാട്ട്	൧൩-൯-൫൭

ഇതിനംപുറമേ ബാട്ടൺഹിൽസ്, മണ്ണായിപുരം, പെരുമ്പിലാവ് രാമവർമ്മപുരം എന്നീ കാളനികളും സന്ദർശിച്ചിട്ടുണ്ട്.

ബാട്ടൺഹിൽ	൧൧-൮-൫൭
പെരുമ്പിലാവ്	൭-൮-൫൭
രാമവർമ്മപുരം	൧൫-൫-൫൭
മണ്ണായിപുരം	൧൯-൫-൫൭

കമ്മ്യൂണിററി പ്രോജക്ററ്സ്.

ശ്രീ. കെ. കൊച്ചുകുട്ടൻ: രണ്ടുമൂന്നു കാര്യങ്ങളാണു ഈ ഭേദഗതി ബില്ലുകൊണ്ടു വരുത്താനുദ്ദേശിക്കുന്നതു്. ഒന്നാമതായി, മുനിസിപ്പാലിററി തെരഞ്ഞെടുപ്പിനു അസംബ്ലി വോട്ടേഴ്സ് ലിസ്ററ് ഉപയോഗിക്കുന്നതു പോലെതന്നെ പഞ്ചായത്തു തെരഞ്ഞെടുപ്പിനും ആ ലിസ്ററു ഉപയോഗിക്കണമെന്നുള്ളതാണു്. ഒരു പഞ്ചായത്തിൽ ആകെയുള്ള വോട്ടർമാരിൽ അഞ്ചുശതമാനം പട്ടികജാതിക്കാരാണെങ്കിൽ അവക്കു ഒരു സീററു റിസർവ്വ് ചെയ്യാൻ പഞ്ചായത്താക്ടിൽ വ്യവസ്ഥയുണ്ടു്. ആ ആനുകൂല്യം പട്ടികവർഗ്ഗക്കാർക്കുകൂടി അനുവദിക്കണമെന്നുള്ളതാണു രണ്ടാമതായി ഈ ഭേദഗതി ബിൽകൊണ്ടുദ്ദേശിക്കുന്നതു്. പഞ്ചായത്തു തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിൽക്കുന്നവർക്കു ലിറററി ക്വാളിഫിക്കേഷൻ ഉണ്ടായിരിക്കണമെന്നു വ്യവസ്ഥയുണ്ടു്. ഇൻഡ്യൻ പാർലമെൻറിലേയ്ക്കു് സ്ഥാനാർത്ഥിയായി നിൽക്കുന്നതിനുപോലും ആ വ്യവസ്ഥ ബാധകമല്ല. അതുകൊണ്ടു ആ വ്യവസ്ഥയെ മാററണമെന്നും ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നുണ്ടു്. അതിനാൽ സെലക്ടുകമ്മിററി പര്യാലോചിച്ചു ഏഴു ദിവസത്തിനകംതന്നെ റിപ്പോർട്ടു സമർപ്പിച്ചു ഈ അസംബ്ലിയിൽതന്നെ ഈ ബിൽ പാസ്സാക്കിത്തരണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു.

Mr. Speaker: The question is that the Travancore-Cochin Panchayats Act (Amendment) Bill be referred to the Select Committee consisting of :

1. Shri P. S. Nataraja Pillai
2. Dr. P. T. Thomas
3. Shri O. C. Ninan
4. ,, K. P. Krishna Menon
5. ,, N. P. Varghese
6. ,, C. Achyutha Menon
7. ,, R. Gangadharan
8. ,, M. William
9. ,, Alexander Parambitharayil and
10. The Minister concerned,

the quorum being three, and the Committee to submit the report in seven days.

The motion was put and carried.

The Travancore-Cochin Payment of Salaries and Allowances Act (Amendment) Bill.

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** I beg to introduce the Travancore-Cochin Payment of Salaries and Allowances Act (Amendment) Bill.

Shri A. J. John : I second the motion.

Mr. Speaker : The Bill stands introduced.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ബിൽ സെലക്ട് കമ്മിററിക്കയയ്ക്കണമെന്നു സഭയോടു അപേക്ഷിക്കുവാൻ പോകുകയാണു്. ഈ ബില്ലിന്റെ തത്വം സഭ സ്വീകരിക്കുന്നുണ്ടെങ്കിൽ സെലക്ട്കമ്മിററിക്കയച്ചു്, റിപ്പോർട്ടുവരുത്തി അതിന്മേൽ വാദപ്രതിവാദം നടത്താവുന്നതാണു്. ഈ ബിൽ അവതരിപ്പിക്കുന്നതിനുമുമ്പായി ഈ സഭയിലെ വിവിധപാർട്ടികളിലെ നേതാക്കന്മാരുമായി ആലോചിച്ചു ബിൽ തയാറാക്കണമെന്നു ഗവണ്മെന്റിനു ഉദ്ദേശമുണ്ടായിരുന്നു. പക്ഷെ, അതു തക്ക സമയത്തു ചെയ്യാൻ സാദ്ധ്യമാകാത്തതുകൊണ്ടു് ഈ പാർട്ടികളിലെ നേതാക്കന്മാരെക്കൂടി ഉൾപ്പെടുത്തി ഒരു സെലക്ട്കമ്മിററി രൂപീകരിക്കണമെന്നാണു ഉദ്ദേശിക്കുന്നതു്. ഇന്നത്തെ നിയമപ്രകാരം ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട അംഗത്തിനു് ഒന്നുകിൽ, മാസംതോറും ൧൨൦ രൂപ അലവൻസോ, അല്ലെങ്കിൽ സഭ കൂടുന്ന ദിവസങ്ങൾക്കു ഡെയിലി അലവൻസും ട്രാവലിംഗ് അലവൻസുമോ കൊടുക്കുന്നതിനാണു വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിലെ സാലറിബിൽ പരിശോധിച്ചതിൽ നിയമസഭാംഗങ്ങൾക്കു മാസംതോറും ഒരു ശമ്പളവും, അതിനുപുറമേ ഒരു സിററിംഗ്ഫീസും കൊടുക്കുന്നതായിട്ടാണു കാണു

ന്നതു്. ഇന്നു് ജനങ്ങളോടു ഉത്തരവാദിത്വമുള്ള അംഗങ്ങൾക്കു വിധേയമായിട്ടാണു ഭരണം എല്ലാ ദിക്കുകളിലും നടക്കുന്നതു്. ആ നിലയിൽ നിയമസഭാംഗങ്ങൾക്കു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിക്കേണ്ട കാര്യമുണ്ടു്. അങ്ങനെ ജനങ്ങളുമായി സമ്പർക്കം പുലർത്തേണ്ടതു് ഒരു ആവശ്യമായിത്തീർന്നിരിക്കുകയാണു്. നിയമസഭാസമ്മേളനങ്ങളിലെ ദിവസങ്ങൾ പണ്ടത്തെക്കാൾ കൂടുതലായിരിക്കും. കാരണം എല്ലാകാര്യങ്ങളും നിയമസഭയുമായി ആലോചിച്ചുവേണം ഗവണ്മെന്റിനു ചെയ്യുവാനുള്ളതു്. അങ്ങനെയിരിക്കുന്ന സ്ഥിതിക്കു നിയമസഭാംഗങ്ങൾക്കു പ്രതിമാസം ശമ്പളത്തിനു പുറമെ ഒരു സിററിംഗ് ഫീ കൂടി കൊടുക്കണമെന്നാണു് ഈ ബില്ലുകൊണ്ടു ഉദ്ദേശിക്കുന്നതു്. ഇന്നത്തെ നിയമപ്രകാരം സിററിംഗ് ഫീ ദിവസമൊന്നുക്കു ൧൦ രൂപയാണു്. ആ തുകതന്നെയാണു് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലും ഉൾക്കൊള്ളിച്ചിട്ടുള്ളതു്. അതിൽ എനിക്കോ ഗവണ്മെന്റിനോ യാതൊരു സിദ്ധാന്തവുമില്ല. ഈ ബിൽ ജനങ്ങളെ ബാധിക്കുന്ന ഒന്നല്ല. ജനപ്രതിനിധികളെ മാത്രം ബാധിക്കുന്ന ഒരു ബില്ലാണു്. അതിനാൽ ഈ വിഷയത്തിൽ എല്ലാ പാർട്ടിയിലുമുള്ള അംഗങ്ങളും കൂടി എല്ലാ കാര്യങ്ങളെയും പററി ആലോചിച്ചു ഒരു വിഹിതമായ തീരുമാനം ചെയ്യുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ബില്ലിൽ മറെറാരു ഭാഗം കൂടിയുണ്ടു്. ൧൧൨൫ ഒടുവിൽവരെ ഉണ്ടായിരുന്ന നിയമപ്രകാരം മന്ത്രിമാർക്കു് ഒരു കാറും, ആ കാർ ഓടിക്കുന്നതിനു ആവശ്യമായ പെട്രോളും ഓയിലും ഗവണ്മെന്റിൽനിന്നും കിട്ടുമായിരുന്നു. അതിനു് യാതൊരു ക്ലിപ്തവും ഉണ്ടായിരുന്നില്ല. ഓരോ മന്ത്രിയുടെയും അദ്ദേഹത്തിന്റെ സ്റ്റാഫിന്റെയും ഇൻഡന്റു അനുസരിച്ചു സപ്ലൈ ചെയ്യുകയായിരുന്നു പതിവു്. ആ ഏർപ്പാടു് തത്വങ്ങൾക്കു വിരുദ്ധമാണെന്നു മന്ത്രിസഭയ്ക്കു തോന്നിയതുകൊണ്ടു് ആ നിയമം മാററി ഒരു ക്ലിപ്തതുക പെട്രോളിന്റെയും ഓയിലിന്റെയും ചെലവിലേയ്ക്കായി നിശ്ചയിച്ചു. അങ്ങനെ നിശ്ചയിച്ചതു ൧൭൦ രൂപയാണു്. തിരുവിതാംകൂർ-കൊച്ചിയിലെ മന്ത്രിമാർക്കു രാജ്യത്തിനകത്തു സഞ്ചരിക്കുന്നതിനു ടി. എ. ഇല്ല. ടി. എ.-യ്ക്കു ആവശ്യമായ എല്ലാ ചെലവും സർക്കാർ വഹിക്കുന്നുവെന്നാണു തത്വം. അതിലേക്കു വേണ്ടിയാണു കാറും പെട്രോൾ അലവൻസും കൊടുക്കുന്നതു്. ൧൭൦ രൂപ പെട്രോൾ അലവൻസു കൊടുക്കുന്നതു് വേണ്ടിടത്തോളം മതിയാകുന്നില്ലെന്നു കഴിഞ്ഞ രണ്ടുമൂന്നു കൊല്ലത്തെ അനുഭവംകൊണ്ടു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു ആ അലവൻസു് കൂട്ടുന്നതിനും, ഈ ബില്ലിൽ വ്യവസ്ഥ കൊള്ളിച്ചിട്ടുണ്ടു്. ഈ ബില്ലിനു് ആലപ്പുഴ മെംബർ ശ്രീ. തോമസും, ആലങ്ങാടു മെംബർ ശ്രീ. വർഗ്ഗീസും ചില ഭേദഗതികൾ അയച്ചിട്ടുണ്ടു്. ആ ഭേദഗതികളെപ്പററി ഇപ്പോൾ വാദപ്രതിവാദം ചെയ്യാതിരുന്നാൽ കൊള്ളാമെന്നു എനിക്കപേക്ഷയുണ്ടു്. ആ മെംബറന്മാരും മററു മെംബറന്മാരും ഉൾപ്പെട്ട ഒരു സെലക്ട്കമ്മിററി പരിശോധിച്ചു അതിൻപ്രകാരം ഒരു ബിൽ ഇവിടെ കൊണ്ടുവരാം. അതിനാൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സെലക്ട്കമ്മിററിക്കു് ഈ ബിൽ അയയ്ക്കണമെന്നും ആ സെലക്ട് കമ്മിററി ഏഴു ദിവസത്തിനകം റിപ്പോർട്ടു ചെയ്യണമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

൧. ശ്രീ. ടി. വി. തോമസ്സ്
൨. „ ടി. കെ. ദിവാകരൻ
൩. „ എ. താണുപിള്ള
൪. „ കെ. ബാലകൃഷ്ണമേനോൻ
൫. „ ഇ. പി. വർഗ്ഗീസ്
൬. „ കെ. എം. കോര
൭. „ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ
൮. „ ആർ. പൊന്നപ്പനാടാർ
൯. „ കെ. പി. കൃഷ്ണമേനോൻ
൧൦. „ പനമ്പിള്ളി ഗോവിന്ദമേനോൻ

കമ്മിററിയുടെ കോറം ൫ ആയിരിക്കുന്നതാണ്.

Shri A. J. John :I second the motion.

Mr. Speaker : The question is that the Travancore-Cochin Payment of Salaries and Allowances Act (Amendment) Bill be referred to the Select Committee consisting of :

1. Shri T. V. Thomas
2. „ T. K. Divakaran
3. „ A. Thanu Pillai
4. „ K. Balakrishna Menon
5. „ E. P. Varghese
6. „ K. M. Korah
7. „ V. R. Krishnan Ezhuthassan
8. „ Ponnappa Nadar
9. „ K. P. Krishna Menon, and
10. „ Panampilli Govinda Menon

the quorum being five, and the committee to submit its repor- within seven days.

The motion was put and carried.

The Travancore-Cochin State Aid to Indusrties Bill.

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

I beg to introduce the Travancore-Cochin State Aid to Industries Bill.

Shri A. J. John: I second the motion.

Mr. Speaker: The Bill stands introduced.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂറിൽ ഇൻസ്റ്റേററ് എയിഡ് ടു ഇൻഡസ്ട്രീസ് എന്നൊരു ആക്ടുണ്ട്. കൊച്ചിയിൽ മറെറാരു ആക്ടും ഉണ്ട്. ഇതു രണ്ടുംകൂടി ഒരുമിച്ചാക്കണമെന്നുള്ളതാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്. അതോടുകൂടി തന്നെ ഈ രാജ്യത്തെ വ്യവസായങ്ങൾക്കു സഹായം കിട്ടുന്ന കാര്യത്തിൽ

ർച്ചുകൂടി അനുകൂലമായിട്ടുള്ള ചില തത്വങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സഭയുടെ അറിവിനുവേണ്ടി ഇതിലുള്ള പ്രധാന വ്യവസ്ഥകൾ പറയാം. ഇവിടെയുള്ള വ്യവസായങ്ങൾക്ക് ഗവണ്മെന്റിന്റെ ധനസ്ഥിതിയനുസരിച്ചും, വ്യവസായത്തിന്റെ ആവശ്യം അനുസരിച്ചും സഹായം നൽകണമെന്നാണ് ഈ ബിൽമൂലം ഉദ്ദേശിക്കുന്നത്. അതായത് ഒരു പുതുതായി തുടങ്ങുന്ന വ്യവസായത്തിനും, പിന്നോക്കംനിൽക്കുന്ന പ്രദേശങ്ങളിൽ ഉണ്ടാക്കുന്ന വ്യവസായങ്ങൾക്കും, കുടിൽവ്യവസായങ്ങൾക്കും സഹായം അർഹിക്കുന്നുണ്ടെങ്കിൽ അതു കൊടുക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. സഹായം നൽകണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ ഒരു ബോർഡും ഉണ്ടായിരിക്കുന്നതാണ്. അതിനാൽ ഈ ബിൽ താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സെലക്ട്കമ്മിറ്റിക്ക് അയയ്ക്കണമെന്നും ആ സെലക്ട്കമ്മിറ്റി ഏഴുദിവസത്തിനകം റിപ്പോർട്ടു സമർപ്പിക്കണമെന്നും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

1. ശ്രീ. എം. എൻ. ഗോവിന്ദൻനായർ.
2. ,, പി. എസ്സ്. നടരാജപിള്ള.
3. ,, എ. കുഞ്ഞൻനാടാർ.
4. ,, നെടുമങ്ങാട്ട് ആർ. കേശവൻനായർ.
5. ,, പി. രാമസ്വാമിപ്പിള്ള.
6. ,, പനമ്പിള്ളി ഗോവിന്ദമേനോൻ.

കമ്മിറ്റിയുടെ കോറം 3 ആയിരിക്കുന്നതാണ്.

Shri A. J. John: I second the motion.

Mr. Speaker: Of course, after the Select Committee Report, the second reading stage will be reached and the Members will be enabled to speak on the Bill placed before the House by the hon. Minister. If Members have any observations to make on the general principles this is the time to make those observations.

Shri M. M. Abdul Khader: As per the Bill, I find that a Board is to be set up to decide what industries to which and the persons to whom the said industrial aid is to be given. It would be more effective and it would be conducive to preventing abuses, if the Board is one on which proportional representation is given to the parties represented in this House. This, I hope, the Select Committee would consider.

Mr. Speaker: The question is that the Travancore-Cochin State Aid to Industries Bill be referred to the Select Committee consisting of:

(1) Shri M. N. Govindan Nair
(2) ,, P. S. Nataraja Pillai
(3) ,, A. Kunjan Nadar
(4) ,, Nedumangad R. Kesavan Nair
(5) ,, P. Ramaswami Pillai, and
(6) ,, Panampilli Govinda Menon,

the quorum being three and the committee to submit its report within seven days.

The motion was put and carried.

The Travancore-Cochin Irrigation Tanks (Preservation and Improvement) Bill.

Chief Minister **(Shri A. J. John) :** Sir, I beg to introduce the Travancore-Cochin Irrigation Tanks (Preservation and Improvement) Bill.

Shri Panampilli Govinda Menon : I second it.

Mr. Speaker : The Bill stands introduced.

ശ്രീ. എ. ജെ. ജാൺ: സർ, ഈ ബില്ലിൻെറ പ്രധാനമായ ഉദ്ദേശം കൃഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള ഇറിഗേഷൻ സംബന്ധിച്ച് കുളങ്ങൾ, കിണറുകൾ, തോടുകൾ മുതലായവ നികത്തി നിലങ്ങളോ പുരയിടങ്ങളോ ആയി മാററുന്നതിനെ തടയുന്നതിനായിട്ടുള്ളതാണ്. ഈ കുളങ്ങൾ, കിണറുകൾ, തോടുകൾ മുതലായവ ഇറിഗേഷന് ഏററവും ആവശ്യമായിട്ടുള്ളവയാണ്. അവയെല്ലാം സംരക്ഷിക്കേണ്ടതും അഭിവൃദ്ധിപ്പെടുത്തേണ്ടതും ആവശ്യമാണെന്നു ഗവണ്മെൻറ കരുതുന്നു. പഴയ കൊച്ചീ വിഭാഗത്തു *(കൊച്ചി ഏറിസംരക്ഷണ ആക്ട്)എന്നൊരു ആക്ട് നടപ്പിലുണ്ടായിരുന്നു. അതു ഇപ്പോഴും നടപ്പിലുണ്ടെന്നുവരികിലും അതു ചിററൂർ താലൂക്കിൽ മാത്രമെ ഊർജ്ജിതത്തിൽ വരുത്തിയിട്ടുള്ളു. അതു തിരുവിതാംകൂർ-കൊച്ചി മുഴുവൻ ബാധിക്കത്തക്കവിധത്തിലാണു ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതു്. ഏതെങ്കിലും ഒരു സ്ഥലത്തു് ഗസററിൽ പരസ്യം ചെയ്യുമ്പോൾ ഊർജ്ജിതത്തിൽ വരുന്നതുമായിരിക്കും. അതാതുസ്ഥലത്തെ കളക്ടർമാരുടെ അനുവാദംകൂടാതെ ഈ വക ഇറിഗേഷൻ തോടുകളോ, കുളങ്ങളോ നികത്തുവാൻ പാടില്ലഎന്നാണു വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അതിനു വിപരീതമായി അവ നികത്തി നിലമൊ പുരയിടമൊ ആക്കുകയാണെങ്കിൽ അതു ശിക്ഷാർഹമാണെന്നും അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

പിന്നീടു ചില ആളുകളുടെ അധീനതയിൽ ഇരിക്കുന്ന കുളങ്ങളും തോടുകളും ശരിയായവിധത്തിൽ നന്നാക്കുന്നില്ലെങ്കിൽ അതു നന്നാക്കുന്നതിനു് അവരോടാവശ്യപ്പെടാവുന്നതാണു്. അപ്രകാരം ചെയ്യുന്നതിനു് അവർ സമ്മതിക്കുന്നില്ലെങ്കിൽ ഗവണ്മെൻറുതന്നെ അതിൻെറ ചെലവു വഹിക്കുകയും അതിൽപ്പിന്നീടു ആ ആളിനോടു ഈടാക്കുകയും ചെയ്യുന്നതാണു്. ഈ ബിൽ ഇപ്പോഴത്തെ കൃഷി വർദ്ധിപ്പിക്കുന്നതിനു് ഏററവും ആവശ്യമായിട്ടുള്ളതാണു്. അതിനാൽ ഈ ബില്ല് ബഹുമാനപ്പെട്ട അംഗങ്ങളിൽ താഴെ പേരുപറയുന്നവർ ഉൾപ്പെടുന്ന ഒരു സെലക്ട് കമ്മിററിക്കു് അയയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

1. ശ്രീ. പി. രാമസ്വാമിപ്പിള്ള.
2. ,, സി. സി. അയ്യപ്പൻ.
3. ,, കെ. എം. ചാണ്ടി.
4. ,, ടി. എസ്സ്. രാമസ്വാമി.
5. ,, വി. ആർ. കൃഷ്ണനെഴുത്തച്ഛൻ.
6. ,, എം. വി. ചെറിയാൻ.
7. ,, എ. ജെ. ജാൺ (അവതാരകൻ)

ഇതു സാധാരണഗതിയിൽ കൊണ്ടുവന്നാൽ മതിയാകുന്നതാണു്. ഇതിൻെറ കോറം മൂന്നായിരിക്കുന്നതാണു്.

---

* The Cochin Preservation of Eries Act (XXIII) of 1120)

ശ്രീ. ടി. വി. തോമസ്: ഈ സെലക്ട്കമ്മിററിയിൽ ശ്രീ. ഇ. ഗോപാലകൃഷ്ണമേനവനെയും, ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോററിയേയുംകൂടി ഉൾപ്പെടുത്തിയാൽ കൊള്ളാം.

Shri A. J. John. I accept the suggestion.

ശ്രീ. ഓ. സി. നൈനാൻ: ഈ ബില്ലിന് ടൈംലിമിററ് ഫിക്സ് ചെയ്തിട്ടുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ: ടൈംലിമിററ ഫിക്സ്ചെയ്തിട്ടില്ല. സാധാരണ ഗതിയിൽ ബിൽ സെലക്ട കമ്മിററി റിപ്പോർട്ടുചെയ്താൽ മതിയെന്നാണ ഞാൻ വിചാരിച്ചത്.

Shri P. S. Nataraja Pillai : Sir, the honourable mover has said that there is an Act applicable to the Chittoor Taluk in the Cochin area and that there is no analogous provision in the Travancore area. Even apart from that, as far as the Travancore section of the State is concerned, this is a very new principle that is being enunciated. It is said that Representations have been received by Government that private tanks, wells, canals etc., useful for irrigation purposes are being levelled up and converted into wet lands and *Parambas.* What is intended now is to give to Government a control over private tanks in possession of private individuals. I agree with the position that tanks which are used for irrigation purposes should be maintained properly and irrigation tank beds should not be converted into agricultural land or building site. But at the same time, Sir, if it is a private tank, there will be certain right for the owner in these matters. At the present time individual right must subserve to social rights. From that aspect we will be justified in enacting a measure to control private tanks to a certain extent ; but it must be done in such a way as not to cause hardship to the owner. In one of the provisions of the Bill we find that the Collector of a District can call on the citizens of that area to report the irrigation tanks which they own and if they do not submit a return on that matter, the Collector can impose a fine on the people of the area concerned. That I submit is a wrong method of approach. I am not discussing the section as it is but to illustrate what I mean I will just read the wording itself. It reads :

> "The Government may for the purpose of determining the irrigation tanks to which this Act should be made applicable, by notification in the Gazette, require the owners and persons in possession of lands to furnish to the Collector within a specified period particulars, in such form as may be prescribed, of the tanks, wells and canals, eries or other reservoirs for the storage of water for agricultural purposes in their lands."

So, by the publication of a notice in the Government Gazette a duty is cast on the citizens of a particular area to submit a return as to whether they own or know the tank which could be used for agricultural purposes; it is not even for irrigation purposes. Again, there is another provision which says:

[Shri P. S. Nataraja Pillai]

"Whoever fails to make the return mentioned in sub-section (1) or makes a return which is false in any material particular, shall be liable to a penalty not exceeding one hundred rupees as may be fixed by the Collector."

I think it will be fair for the Government, or the Revenue Department, or the Collector, or the Agricultural Department, or the Irrigation department, whoever it be, to notify the wells and tanks and canals used for irrigation purposes, and to call on the owners thereof to submit a return to the Collector. After having done so and if the owner files no objection to that, the matter may be settled as provided in the bill. That will be a natural process in this matter. On the other hand, a notification is to be published in the Government Gazette. With the regularity with which it comes in these days, I do not see any purpose served by it. I do not want to go further than that. Simply a notification in some corner of the Gazette published in Trivandrum stating that the people of Thodupuzha should submit a return of tanks, wells and canals which are used for agricultural purposes within three weeks of publication and if the people do not do so, to subject them to a penalty of one hundred rupees, I think, is not just. Sir, this is a very fundamental matter. I do realise that as far as I have been able to understand, in the Cochin area there is real difficulty in this matter. As far as the Travancore area is concerned, with what little knowledge I know of the country, there are not very many private tanks and wells and canals which are used for irrigation. If there are tanks, they are all minor irrigation tanks maintained or controlled by Government. In Travancore, the principle is the other way. Wherever there is a tank or chanel, the adjoining owners of land trespass on them and convert them as paddy or garden lands. I am speaking of lands not owned by the people. In the Cochin area the condition prevailing is different. Vast areas of lands may be in the possession of a jenmi who may have leased it out. Even then the right over the tank may vest in the jenmi who may neglect improvements to it whereby the agricultural facilities of the tenant will suffer considerably. The same conditions do not exist here. Therefore I concede that this kind of provision is a necessity as far as the Cochin area is concerned whereby some control should vest with Government in this affair. My point is, we must frame the provisions in such a way as not to cause hardship to the owner of private tank or well. Simply to cause a liability on a section of the public and impose penalty therefor, will work hardship. To a certain extent what the Government propose to do may be correct because the whole thing is being undertaken for a public purpose. If the tenants are made to suffer for the negligence of the jenmi, the Government have to step in and rectify the matter. So, my point is, when the cost of improvement is to be recovered, there may be certain rights also to be looked into. There is the tenant who will enjoy the benefit of improvements done on the land of the jenmi. Then the jenmi

will have to be compensated. These are factors for consideration. I am told by a friend that in Cochin area there are other kinds of tanks maintained by private individuals and that water is being made available for irrigation purposes. As a consequence of neglect by the jenmies the tanks are silted up and tenants are made to suffer by that act. Then the tenant should not be made responsible for the cost of improvement of the tank. In that case the owner alone must be made to pay. I am not aware of the exact condition prevailing there. So, these are matters which require serious consideration. Again, the time limit fixed for the select committee is so short and I do not know how far it is advisable to do so. At any rate, with all earnestness I would request the official benches to kindly consider all these aspects before legislation is finally thought of in this matter.

3 P. M.] **Shri A. Thanu Pillai**: I wish to make one observation in connection with this Bill. This Bill seeks to make provision to see that tanks owned by private individuals or in possession of private individuals are kept in good repair so that our agriculture may not suffer. The Collector may get a private tank repaired and in case the owner himself does not attend to the work, recover the cost from the owner. No doubt, in suitable cases, that would be a good provision of law. But then, Sir, there is a more serious aspect of this matter which the Government have failed to realise. As Mr. Nataraja Pillai stated, there are very few tanks of this kind in the Travancore area ; there are some in Cochin. But in Travancore, there is a very, very large number of tanks owned by Government. Now, my point is this : why not make a law making it obligatory on Government to maintain in good repair all the irrigation tanks in the State owned by them ? Why should you restrict the scope of the Bill to tanks owned by private individuls? The Bill requires an owner, who may, after all be penniless, to improve and keep a tank in good repair. What about the responsibility of the Government in this matter? In South Travancore, there are hundreds and hundreds of tanks that have not yet been repaired, but have fallen into disuse due to the neglect of the Government for years together, nay for decades together. I fully realise the importance of maintaining these tanks in good condition for our food production purposes, but where is the responsibility of Government? Why do not they take upon themselves that work, I ask. As Mr. Kesava Pillai stated the other day when the budget was being discussed the two things which you must have, if you want to improve food production, are water and manure. No amount of work done, no amount of attention paid, in respect of these two things will be too much. The Finance Minister and the Chief Minister may say that the Government will do every thing, but Government are not doing anything. On my part, I would like to see that all the irrigation tanks in the State, both in the Travancore area and in the Cochin area, are improved, at the latest, within two years. You must do that, if really you mean business. Where is the difficulty? It is not certainly shortage of funds. We get funds from the Delhi Government,

[Shri A. Thanu Pillai]

And, after all, considering the benefits that will accrue, the money that is spent will not be considerable. A few hundreds or a few thousands spent on the renovation of these tanks will not be sum mis-spent. There is a complaint, and a very legitimate complaint, that very little real result is seen. Here is a line in which you will be able to see substantial result within a very short time if only you spend the necessary money.

Sir, I may be excused if I mention the fact that when I formed the first Congress Ministry here, my idea was to improve all the tanks in Travancore in two or three years. So, as soon as I took charge, I called the Chief Engineer and told him, "you need not wait even for Government sanction, You need not wait for the estimates being prepared. This is Meenom. Before the monsoon sets in in Edavom, you try to see that as many tanks as possible are repaired. It is possible that Government may lose a few hundreds of rupees in respect of these tanks, but that is nothing when compared to the benefit that will accrue." The work was started and I saw that a few tanks were taken up. But the ministries that came after that, were not sufficiently enthusiastic. No doubt, they wanted to take up the thing some time afterwards, i. e., when the Government of India began to press them. The fact of the matter is, the work has not been consistently pursued. Sir, I am very serious when I insist that all these tanks should be taken on hand and repaired immediately And there must be a statute as in the case of compulsory education and prohibition and such other things. If you really want to improve our agriculture, it must be made an obligatory duty on the part of Government. And it is not enough merely to repair these tanks. Now what we do is to spend three or four thousand rupees, repair these tanks, and then leave them to disrepair. This is of no use. There must be a standing agency to see that these tanks are continually maintained and kept in good order. So I would make a suggestion that may well be considered by the Select Committee, that the obligation may be imposed upon the Government equally as on private owners to maintain all the tanks in good condition and that as soon as possible. What is the use of taking up big projects? They begin to be productive only after three, four or half a dozen years or in some cases, ten years. But here is a line of work which will be immediately productive. What is it that we stand in need of now? Officers are not lacking. The necessary funds also are not wanting. And the scheme will bear fruit in a short time. This is an important suggestion which I place for the consideration of the committee. No doubt, it involves expenditure and technical difficulties may be raised. It is the good sense of the Government that has to come into play in this. Otherwise there is no meaning in talking of food production. Here is a line in which we can do useful work. And I do not think many crores will be necessary. Even if it does, is it too much, I ask. On an average of Rs. 4,000 for a tank, with a lakh of rupees, we can repair 25 tanks.

And if about 2500 tanks can be repaired, there is plenty in the land. I am mentioning about tanks alone now, because we are considering only irrigation tanks and canals alone. But there is also the other part of the work, namely lift irrigation, that must also be expedited. We must be in a position, in the course of two years, spending enough money and getting enough work done, to produce as much as we need. We must also try to procure manure and get it equally distributed. That is a fruitful way to work. I hope the Government will not brush aside these suggestions but will consider them seriously and take upon themselves this statutory responsibility.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ : ഇങ്ങനെ ഒരു ആക്ട് കൊച്ചിയിൽ ഉണ്ടു്, എന്നു പറഞ്ഞതു് ശരിയാണു്. അതു് ചിററൂരിനെ കൂടുതൽ ബാധകമാക്കിക്കൊണ്ടു് ഉണ്ടായിട്ടുള്ളതാണു്. അതിനുമുമ്പു് സാധാരണയായി പുഴവെള്ളമല്ല ഉപയോഗിച്ചിരുന്നതു് അവിടെ പുഴവെള്ളം ഉപയോഗിക്കുന്ന ഏർപ്പാടു വരുന്നതിനുമുമ്പു് താഴ്ന്ന ഭൂഭാഗങ്ങൾ നോക്കി അടുത്തടുത്തായി പടവുകൾ തിരിച്ചു് വയലുണ്ടാക്കി അതിൻെറ ഒററത്തു് ഒരു ഏരികോരി അതിൽ നിന്നും വെള്ളമെടുത്തു് ഉപയോഗിച്ചുവന്നിരുന്നു. അതിനുശേഷം പുഴയിൽ അണകെട്ടി വെള്ളം ചാലുകൾവഴി തിരിച്ചു് കൃഷിക്കുപയോഗിച്ചുവന്നു. അങ്ങിനെയുള്ള വെള്ളച്ചാലുകളുടെ സമീപത്തായി പഴയ ഏരികളോടൊപ്പം ഏരികോരുകയും സമീപസ്ഥലങ്ങൾ കൃഷിയ്ക്കുപയുക്തമായ വയലുകളാക്കി വെട്ടിത്തിരിക്കുകയും ചെയ്തു. അതുകൊണ്ടു് കാലക്രമത്തിൽ അവിടെയുള്ള പടവുകളിലേയ്ക്കു് ആവശ്യമുള്ള വെള്ളം മുഴുവനും മേൽപ്പറഞ്ഞ ഏരികളിൽ കെട്ടിനിറുത്തി ഉപയോഗിച്ചുതുടങ്ങി. തന്നിമിത്തം ആദ്യമുണ്ടായിരുന്ന ചില ഏരികൾ ഉപയോഗമില്ലാതാകയും അവയിൽ ചിലതു തൂർത്തു് കൃഷിചെയ്കയും ചെയ്തുവന്നു. അങ്ങനെ ചെയ്യാതിരുന്നാൽ അത്രയുംസ്ഥലം തരിശായി ഇടേണ്ടതായിട്ടാണു് വരിക. അങ്ങിനെ തരിശായി ഇടുമ്പോൾ ആ ഏരിയ്ക്കു് മുകളിലുള്ള പടവിൽ നിന്നും ഊററുവഴി വരുന്ന വെള്ളം അതിൽകെട്ടി നിൽക്കാനും അതിനു താഴെയുള്ള വയലുകളിൽ ഓരുണ്ടാകുവാനും കാരണമാകും. അധികം താഴ്ചയുള്ള പടവുകളിലെ ഭൂമി പൂന്തൽമണ്ണു് ആയിത്തീരും. വെള്ളാമയ്ക്കുവേണ്ടി എല്ലാ ഏരികളും തുറക്കണമെന്നു പറയുന്നതു് ബുദ്ധിഭ്രമം തന്നെയാണു്. ഇങ്ങിനെ ഒരു ബിൽ അവിടെ വരുവാൻ കാരണമായതു് കൃഷിയെസംബന്ധിച്ചു ശരിയായ വിവരമില്ലാത്ത ചെറിയ ഇറിഗേഷൻ ഉദ്യോഗസ്ഥന്മാരുടെ പ്രേരണയാണു്, എങ്കിലും ഈ ആക്ട് അവിടെ നടപ്പിലായശേഷം ചിററൂരിൽ ഇതുവരെയായി ആരെയും ശിക്ഷിച്ചിട്ടില്ല. അവിടെ ആദ്യം ബില്ലവതരിപ്പിച്ചപ്പോൾ അനാവശ്യമായി ലഹളയുണ്ടാക്കാൻ വേണ്ടി കൊണ്ടുവന്നിരിക്കുകയാണെന്ന വാദം ഉന്നയിക്കുകയുണ്ടായി. അതിനു സമാധാനമായി അന്നത്തെ ദിവാൻ പ്രസിഡൻറ പറഞ്ഞതു് നിങ്ങളെപ്പോലെയുള്ളവർ അന്നും വേറെ ഉണ്ടാകുമെല്ലോയെന്നാണു്.

അവിടെ ഈ സംഗതിയിൽ ഒരു ചെറിയ കേസ്സുണ്ടായി. ഒരു സാധു കൃഷിക്കാരൻ അയാളുടെ കണ്ടത്തിനു സമീപത്തുള്ള ഒരു കൈത്തോടു് ആ കണ്ടത്തോടു വെട്ടിച്ചേർത്തു. അതിനുപകരമായി അതിൻെറ മുകളിൽ ഒരു പുതിയ തോടുവെട്ടുകയും ചെയ്തു. ആ കൃത്യം ചെയ്തതിനു

[ശ്രീ. അമ്പാട്ട ഈശ്വരമേനോൻ]

അയാളുടെ പേരിൽ കേസ്സനടത്തി അയാഠംക്ക അഞ്ചുരൂപ പിഴയും ഇട്ടു. പിന്നീട്ട് അതിന്മേൽ മേൽ നടപടി നടത്തിയതനുസരിച്ച് ആ പിഴ അയാഠംക്ക തിരിയെ കൊടുപ്പിക്കയുമുണ്ടായി. വാസ്തവം പറയുകയാണെങ്കിൽ ഇങ്ങിനെയുള്ള ഒരു ബില്ലുകൊണ്ടു ഈ വിധത്തിലുള്ള പിടിച്ചുപറികഠം നടത്തുവാൻ എളുപ്പമുണ്ടാകും.

ഞാൻ കന്യാകുമാരിക്കപോയി വരുന്ന വഴിയ്ക്കു ഇരുവശത്തുമായി പത്തും പതിനഞ്ചും ഏക്കർ സ്ഥലങ്ങഠം തരിശായി ഇട്ടിരിയ്ക്കുന്നതു കാണുകയുണ്ടായി. ഞാൻ കയറിയിരുന്ന കാർ നിറത്തി ആ സ്ഥലത്തെപ്പററി അന്വേഷിച്ചതിൽ അവയെല്ലാം ഗവണ്മെൻറവക കുളങ്ങളാണെന്നാണ് മനസ്സിലായതു്. അവകളെല്ലാംതന്നെ സുമാർ മൂന്നര അടിയിൽ കൂടുതൽ താഴ്ചയില്ലാത്തവയാണ്. അവയിൽ വെള്ളം നിറഞ്ഞാൽ പരന്നുകിടക്കുമെന്നല്ലാതെ താഴ്ച കുറവായതുകൊണ്ടു വളരെ കുറച്ചു വെള്ളം മാത്രമേ അതിൽ ഉണ്ടായിരിക്കയുള്ളു. ആ സ്ഥലങ്ങളെല്ലാം കുറെക്കൂടി താഴ്ത്തുന്നതായാൽ കൂടുതൽ വെള്ളം കെട്ടിനിറത്തി കൃഷിക്കുപയോഗിക്കുവാൻ സാധിക്കും. അതു ചെയ്യുവാൻ യാതൊരു നടപടിയും ഗവണ്മെൻറിനില്ല. ഇതു് ഒരു മന്തുകാലൻ മറെറാരു മന്തനെ ആക്ഷേപിയ്ക്കുന്നതുപോലെയാണിരിക്കുന്നതു്. ഗവണ്മെൻറിൻെറ കൈവശമുള്ള ഈ മാതിരി കുളങ്ങഠം ഇങ്ങിനെ തൂർന്നു തരിശായിക്കിടക്കവെ സ്വകാര്യ ഏരികഠം തൂർത്താൽ ശിക്ഷിക്കുമെന്നു പറഞ്ഞുകൊണ്ടു് ഒരു ബില്ലുകൊണ്ടുവരുന്നതു് ശരിയല്ലെന്നാണ് എൻെറ അഭിപ്രായം.

സ്വകാര്യ ഏരികഠം വെള്ളംകെട്ടിനിറത്തേണ്ട ആവശ്യത്തിനു കയ്യിൽനിന്നും പണം ചെലവാക്കി ഉണ്ടാക്കിയിട്ടുള്ളവയാണ്. അല്ലാതെ തൂർത്തു തരിശാക്കിയിടാനല്ല. കൃഷിയെ സംബന്ധിച്ചിടത്തോളം ആണും പെണ്ണും തിരിച്ചറിയാൻ പാടില്ലാത്ത നിലയിൽ ചെയ്യുകയാണെങ്കിൽ പിന്നെ എന്തുംആവാം. ഈ ബിൽ വാസ്തവത്തിൽ ഉപയോഗമില്ലാത്തതാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്.

ശ്രീ. ആർ. കേശവപിള്ള : ഇങ്ങനെ ഒരു ബില്ല് ഇവിടെ അവതരിപ്പിക്കേണ്ട ആവശ്യംതന്നെയില്ല. തിരുവിതാംകൂർ-കൊച്ചിയിൽ പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിൽ ഇറിഗേഷൻ എൻജനീയർമാർ, എക്സിക്യൂട്ടീവ് എൻജനീയർമാർ, സൂപ്രവൈസർമാർ ഇങ്ങനെ ധാരാളം ഉദ്യോഗസ്ഥന്മാർ ഉണ്ടു്. ഈ എൻജനീയർമാരും ഓരോ താലൂക്കിലെ തഹശീൽദാരന്മാരും ആലോചിച്ചു് ആവശ്യമുള്ള എസ്റ്റിമേററ തയാറാക്കി അയയ്ക്കുകയും ഓരോകൊല്ലത്തിലും ഇറിഗേഷനു് ഉപയോഗിക്കാവുന്ന കുളങ്ങളുടെയും തോടുകളുടെയും ലിസ്റ്റ് ഗവണ്മെൻറിലേക്ക് അയക്കുകയും ചെയ്യണമെന്നു് ഏർപ്പാടു ചെയ്യേണ്ടതാണ്. അങ്ങനെയായാൽ ഇതു സംബന്ധിച്ചു് വളരെ സൗകര്യങ്ങഠം ഉണ്ടാകും. തഹശീൽദാരന്മാക്കും അതാതു സ്ഥലങ്ങളിലെ സൂപ്പർവൈസർമാക്കും അറിയാം, ഏതെല്ലാം കുളങ്ങളും തോടുകളും ഈ ആവശ്യത്തിനു ഉപയോഗിക്കാമെന്നും ഏതെല്ലാം കുളങ്ങളും തോടുകളും ഉപയോഗയോഗ്യമാക്കിക്കൊണ്ടുവരാം എന്നും അങ്ങനെ സ്വകാര്യവ്യക്തികളുടെ കയ്യിലുള്ള ഏതെങ്കിലും കുളങ്ങളൊ തോടുകളോ ഇറിഗേഷൻ ആവശ്യത്തിനു് ഉപയോഗിക്കാവുന്നതു

ണെങ്കിൽ അവ പൊന്നുംവില കൊടുത്തു് എടുക്കാം. പിന്നെ എന്തിനാണ് ഇങ്ങനെ ഒരു ബില്ലു് അവതരിപ്പിക്കുന്നതു്. ഗവണ്മെൻറ ഗസററിൽ പരസ്യം ചെയ്ത അന്നുമുതൽ സ്വകാര്യവ്യക്തികളുടെ കയ്യിലുള്ള സകല കുളങ്ങളുടേയും തോടുകളുടേയും കിണറുകളുടേയും ലിസ്റ്റ് സമർപ്പിക്കേണം എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നതു്. അങ്ങനെ ചെയ്യാത്ത പക്ഷം ൫൦൦ രൂപാ പിഴ ഈടാക്കുന്നതാണ്. ഇതു കൂടാതെ ഓരോരുത്തരുടേയും കൈവശമുള്ള കുളങ്ങളും കിണറുകളും ശരിയായി പരിരക്ഷിച്ചില്ലെങ്കിൽ അതിനും മതിയായ ശിക്ഷ നൽകുന്നതാണ്. ഇതു് വളരെ കഷ്ടമാണ്. പൊതുജനങ്ങളെ ഉദ്ദേശിച്ചു അവരവരുടെ കൈവശമുള്ള കുളങ്ങളും കിണറുകളും ശരിയായി പരിരക്ഷിക്കണമെന്നാണ് പറഞ്ഞിട്ടുള്ളതു്. ൩-ാം വകുപ്പുനോക്കിയാൽ കാണാം ഇതു് ഒരു പരിധി നിശ്ചയിച്ചിട്ടില്ലെന്നു്. എത്ര കാലത്തേയ്ക്കു് ഇങ്ങനെ സംരക്ഷിച്ചുകൊള്ളണം എന്നു് ഒരു പരാധി നിശ്ചയിച്ചിട്ടില്ല. ൫൧ കൊല്ലത്തേക്കോ ൨൦ കൊല്ലത്തേക്കോ എന്നൊന്നും അറിയാൻ പാടില്ല. ഇവയുടെ വിലയും നമുക്കു നിശ്ചയിക്കാവുന്നതാണ്. അതും നിശ്ചയിച്ചിട്ടില്ല. ആണ്ടുതോറും ഒരു വ്യക്തി ഇവയെ പരിരക്ഷിച്ചില്ലെങ്കിൽ അതു നന്നാക്കുന്നതിനുള്ള തുക അയാളിൽ നിന്നും ഈടാക്കും. ഇങ്ങനെ ഈടാക്കുന്നതിനെ കണക്കാക്കിയാൽ ....

Mr. Speaker: Why not make a provision that the tanks should be surrendered to Government?

Shri R. Kesava Pillai: They must use the provisions of some other regulation for that. By resorting to the provisions of Land Acquisition Regulation they can acquire and keep them for public purposes. Why worry and harass the people like this? There must be a limit to all these things and I think the policy adopted by this Government is not congenial to the welfare of the people in the State of Travancore-Cochin. This is a Bill applied to a portion of the erstwhile Cochin State. It might have been good in those parts. Why should it be copied entirely to the whole Travancore-Cochin area?

കൊച്ചിയിലെ നിയമം ഇങ്ങോട്ടു പകത്തുക; ഇവിടെയുള്ള നിയമം അങ്ങോട്ടും പകർത്തുക ഇതു മുൻപുതന്നെയുള്ള ഒരു ചടങ്ങാണ്. അതുകൊണ്ടു കൊച്ചിയിൽ നിലവിലുള്ള നിയമം പകത്തിയെഴുതിയുണ്ടാക്കിയിരിക്കുന്ന ഈ ബിൽ ഒരിക്കലും സ്വീകാര്യമല്ലെന്നും, ഈ രീതിയിൽ ഇതിനെ മുന്നോട്ടു കൊണ്ടുപോകുന്നതു ശരിയല്ലെന്നും ആണ് എൻെറ അഭിപ്രായം.

<u>ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ</u>: ഈ സംസ്ഥാനത്തിൻെറ നാനാഭാഗങ്ങളിലും കൃഷിക്കുള്ള വെള്ളം തിരിച്ചുകൊടുക്കാവുന്ന അനേകായിരം കുളങ്ങളും ഏരികളും ഉണ്ടെന്നുള്ളതു വാസ്തവമാണ്. അതിൽ സ്വകാര്യവ്യക്തികളുടെ നിയന്ത്രണത്തിൽഉള്ള കുളങ്ങളും ഏരികളും കാണപ്പെടും; ഗവണ്മെൻറുവക പുറമ്പോക്കുകളായിട്ടുള്ള കുളങ്ങളും ഏരികളും കാണപ്പെടും; എന്നാൽ അധികഭാഗം കുളങ്ങളും ഏരികളും സ്വകാര്യവ്യക്തികളുടേതാകട്ടെ, ഗവണ്മെൻറിൻേറതാകട്ടെ ശരിക്കു റിപ്പയർ ചെയ്യാതെയും ജലസേചനസൗകര്യങ്ങളില്ലാതെയും

[ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ]

ആണിരിക്കുന്നതു്. സംയോജനത്തിനു മുൻപു് കൊച്ചിയിലുള്ള കുളങ്ങളുടെയും ഏരികളുടെയും കാര്യത്തിൽ കൊച്ചിയിലെ കർഷകരുടെ പേരിൽ. ഒരു മെമ്മോറാണ്ടംതന്നെ ഗവണ്മെന്റിനു സമർപ്പിച്ചിട്ടുണ്ടു്. തുച്ഛമായ സംഖ്യ ചെലവുചെയ്തു അതെല്ലാം നേരെയാക്കിയാൽ എത്രയോ ആയിരപ്പറനെല്ലു കൂടുതൽ വിളയിക്കുവാൻ കഴിയുമെന്നു ആ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു. സാധാരണയായി ഗവണ്മെന്റ മൈനർ ഇറിഗേഷനുവേണ്ടി ഓരോ സംഖ്യ കൊല്ലംതോറും നീക്കിവയ്ക്കുന്നുണ്ടെങ്കിലും അതനുസരിച്ചുള്ള ജോലികളൊന്നും വേണ്ടപോലെ നടന്നു കാണുന്നില്ല. അതിനെ സംബന്ധിച്ചു എത്രയോ നിവേദനങ്ങൾ നടത്തിയിട്ടും ഗവണ്മെന്റിൽനിന്നും വേണ്ടപോലെ നടപടികൾ എടുത്തിട്ടില്ല. അതു കാരണം കൃഷിക്കാവശ്യമായ വെള്ളം കിട്ടാതെ ഒരുപ്പൂ നിലങ്ങളും ഇരുപ്പൂനിലങ്ങളും ശരിയായവിധത്തിൽ കൃഷി ചെയ്യാതെയും ഉണക്കുബാധിച്ചും നഷ്ടപ്പെട്ടുപോകുന്നുണ്ടു്. ഈ വക കുളങ്ങളേയും ഏരികളേയും സംബന്ധിച്ചിടത്തോളം സ്വകാര്യവ്യക്തികളുടെ നിയന്ത്രണത്തിൻകീഴിലുള്ളവയെ മാത്രമെ ഈ ബില്ലിൽ പെടുത്തിയിട്ടുള്ളു. അതുകൊണ്ടു സ്വകാര്യവ്യക്തികളുടെ മാത്രമല്ല, ഗവണ്മെന്റിന്റെ നിയന്ത്രണത്തിലുള്ള കുളങ്ങളേയും ഏരികളേയുംകൂടി ചേർത്തു എല്ലാവിധ ജലസേചനസൗകര്യങ്ങളും കിട്ടുവാൻതക്കവിധം ഈ ബില്ലിന്റെ പരിധിയിൽപെടുത്തി കൃഷിക്കാരെ സഹായിച്ചു വിളവു വർദ്ധിപ്പിക്കേണ്ടതാണെന്നാണു എന്റെ അഭിപ്രായം. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

Shri M. M. Abdul Khader: The Government and some of the Members of this House appear to be under the impression that these tanks are mainly situated in the South Travancore area. But I can tell the Honourable House that wherever there is paddy cultivation, particularly I know in the Kunnathunad Taluk, there are very many of these tanks owned by private individuals. Mr. Nataraja Pillai in his speech drew the attention of the House to the difficulties that would entail if merely a notification is made in the Government Gazette asking the owners to submit a return of the tanks which they own. In order to obviate that difficulty, it would be proper if the Village Unions in the respective areas are given this authority, namely to ask the owners of tanks to improve the tanks, and if the owners prove themselves to be recalcitrant, the Village Unions may be empowered to report the matter to the Government, upon which appropriate action can be taken. This is particularly important in the new set-up when we are going to have under the new Panchayat elections all over the State, Panchayats as self-governing local units. I hope the Committee would give this suggestion the consideration it deserves.

And another thing I want to bring before the House is that because these tanks bear such an important relation to the Grow More Food Schemes and the improvement of agriculture generally, it would be fit and proper if the Government brings forward an enactment to compulsorily acquire these tanks in the

hands of private persons such as would be useful for enhancing cultivation, even I would suggest, without payment of compensation; because it is such an important public purpose. If the Constitution does not allow us to do so, some nominal compensation may be paid and it would be always better if the Government would bring forward a Bill at least to acquire these tanks which are so essential for improving the cultivation and agriculture in this country.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നപ്രകാരമുള്ള കുളങ്ങൾ കൊച്ചിഭാഗത്തു ധാരാളം ഉണ്ടായേക്കാമെന്നും, തിരുവിതാംകൂർ പ്രദേശങ്ങളിൽ ഉണ്ടായിരിക്കുവാൻ വഴിയില്ലെന്നും, അതുകൊണ്ടു ഇങ്ങനെയുള്ള ഒരു നിയമനിർമ്മാണം തിരുവിതാംകൂർ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഒട്ടും ആവശ്യമില്ലെന്നുമാണ് പലരും ഇവിടെ ചൂണ്ടിക്കാണിച്ചതു്. ഈ രണ്ടു പ്രദേശങ്ങളും തമ്മിൽ ഭൂമിശാസ്ത്രപരമായോ കൃഷിസംപ്രദായപരമായോ അത്ര വളരെ അന്തരമുണ്ടോ എന്നു ഞാൻ അത്ഭുതപ്പെടുന്നു. സ്വകാര്യ ഉടമകളുടെ അവകാശങ്ങൾ എത്ര പാവനമാണെങ്കിലും കുളങ്ങൾ കൃഷിക്കു് പൊതുവേ ആവശ്യമുള്ള ഉപാധികളാണെന്നുള്ള കാരണത്താൽ അവയെ കൃഷിക്കു വേണ്ടപോലെ ഉപയോഗിക്കാത്തക്കവണ്ണം പരിരക്ഷിയ്ക്കാത്ത ആളുകളുടെമേൽ നടപടി എടുക്കുന്നതിൽ, ഇന്നത്തെക്കാലത്തു എന്തു തെററാണ് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്കു് പറയുവാനുള്ളതെന്നു എനിക്കു മനസ്സിലാക്കുവാൻ പ്രയാസമാണ്. ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കണമെന്നു നമ്മൾ മുറവിളി കൂട്ടുന്ന ഇക്കാലത്തു എത്രയോ പ്രദേശങ്ങളിൽ സ്വകാര്യ ഉടമകളുടെ കയ്യിലുള്ള കുളങ്ങൾ അവർ വേണ്ടപോലെ റിപ്പയർ ചെയ്യാതേയും കൃഷിക്കു് ഉപയോഗപ്പെടത്തക്കവിധത്തിൽ വെള്ളം ആവശ്യംപോലെ കൊടുക്കുവാൻ സമ്മതിക്കാതെയും കൃഷിക്കാരെ വളരെ വിഷമിപ്പിക്കുന്നുണ്ടെന്നുള്ളതു് അറിയാത്ത ആളുകൾ ഉണ്ടാകയില്ല. അതുകൊണ്ടു നിശ്ചയമായും ഇങ്ങനെയൊരു നിയമനിർമ്മാണം ഭക്ഷണപ്രശ്നത്തിൻെറ പേരിൽ കൂടിയേ കഴിയൂ. കുളങ്ങൾ നന്നാക്കുവാൻ സാധിക്കാത്ത ആളുകൾ അവയെ സർക്കാരിലേയ്ക്കു് ഒഴിഞ്ഞുകൊടുക്കുകയാണു വേണ്ടതെന്നു നിസ്സംശയം പറയാം. അതിനു്, വാസ്തവത്തിൽ, അക്വിസിഷൻ നടപടികളൊന്നും ആവശ്യമില്ലതന്നെ. കുളങ്ങൾ സ്വകാര്യവ്യക്തികളുടെ കയ്യിലാണു എന്നുള്ള കാരണത്താൽ മാത്രം ഈ ജലസേചനസൗകര്യങ്ങൾ സാധു കൃഷിക്കാർക്കു് നിഷേധിക്കുന്നതു നീതീകരിക്കത്തക്കതല്ല. അങ്ങനെ നിഷേധിക്കുന്ന സ്വകാര്യ കുത്തകക്കാരോടുള്ള ബഹുമാനങ്ങളെല്ലാം മാററിവയ്ക്കേണ്ട ഒരു കാലമാണിതു്. അതുകൊണ്ടു് സ്വകാര്യ ഉടമകളെ സ്പർശിക്കുന്നു എന്നതുകൊണ്ടോ ഏതെങ്കിലും പ്രദേശത്തു ഇങ്ങനെയൊരു ആവശ്യം ഇല്ലെന്നുള്ള കാരണംകൊണ്ടോ ഈ ബില്ലിനെ എതിർക്കുന്നതു അശേഷം ശരിയല്ല. നിശ്ചയമായും ഈ വക കാര്യങ്ങൾകൂടി പരിഗണിച്ചു ബില്ലിൻെറ പ്രവർത്തനത്തിനാവശ്യമായ ഭേദഗതികളെല്ലാം വരുത്തിയും ഇതിൻെറ വ്യാപ്തിക്കു വേണ്ട വികാസം നൽകിയും കഴിയുന്ന വേഗത്തിൽ ഇതു പാസ്സാക്കണമെന്നാണ് എൻെറ അഭിപ്രായം. ഗവണ്മെൻറിൻെറ അധീനതയിലുള്ള കുളങ്ങളെ സംബന്ധിച്ചു പ്രശ്നം ഈ ബില്ലിൻെറ ചിന്തനത്തിൽ പ്രസക്തമാണെന്നു

[ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ]

തോന്നുന്നില്ല. അതും ഈ ബില്ലുമായിട്ടു ബന്ധമില്ലാത്തതുകൊണ്ടു് അതിനെപ്പററി ഞാനൊന്നും പറയുന്നില്ല. ഈ ബിൽ കഴിയുന്ന വേഗം പാസ്സാക്കി നിയമമാക്കുവാൻ ഈ സഭയിലെ എല്ലാ വിഭാഗങ്ങളും അനുകൂലിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ ബില്ലിനെപ്പററി ഇവിടെ പല മെംബറന്മാരും പറഞ്ഞിട്ടില്ലാത്ത ചില സംഗതികളെ ആസ്പദമാക്കി മാത്രം രണ്ടു വാക്കു പറയാമെന്നു വിചാരിക്കുന്നു. ഗവണ്മെൻറവക കുളങ്ങളെപ്പററിയും പ്രൈവററ വ്യക്തികളുടെ കൈവശമുള്ള കുളങ്ങളെപ്പററിയും ഇവിടെ പറയുകണ്ടായി. എന്നാൽ ഇതു രണ്ടുമല്ലാത്ത ഒരു ജാതി കുളം വിശേഷിച്ചും തെക്കൻ തിരുവിതാംകൂറിൽ ഇന്നുണ്ടു്. അതായതു് യാതനക്കുളം. യാതനയുടെ പേരിൽ അനേകം പേർക്കു കുളങ്ങൾ പതിച്ചുകൊടുത്തിട്ടുണ്ടു്. ഈ ബില്ലിൻെറ കാര്യത്തിൽ ഗവണ്മെൻറിനു ആത്മാർത്ഥതയുണ്ടെങ്കിൽ അതു തെളിയിക്കുന്നതിനായി അങ്ങനെയുള്ള കുളങ്ങൾ ഗവണ്മെൻറ ഉടനടി തിരിച്ചെടുത്തു കൃഷിക്കാർക്കു കൊടുക്കണം. അതിനു തയാറാകാതെ ഗവണ്മെൻറ ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നതു് ജനങ്ങളെ പററിക്കുവാനാണെന്നാണു ഞാൻ മനസ്സിലാക്കുന്നതു്.

നെയ്യാററിൻകര താലൂക്കിൽ മാത്രമായി ആയിരത്തിലധികം കുളങ്ങളുണ്ടു്. ശ്രീമാൻ പട്ടം താണുപിള്ള പ്രധാനമന്ത്രിയായിരുന്ന ചുരുങ്ങിയ ൩ മാസക്കാലത്തു ൧൫൦-ൽപരം കുളങ്ങൾ കഴിച്ചിട്ടുണ്ടു്. തെക്കൻ തിരുവിതാംകൂറിലെ കൃഷിക്കു്, വിശേഷിച്ചു നെയ്യാററിൻകര-വിളവംകോടു താലൂക്കുകളിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണു കുളങ്ങൾ. എന്നുമാത്രമല്ല, പെരിഞ്ചാണി സ്കീം, നെയ്യാർ സ്കീം, മുതലായ പല സ്കീമുകളും നടപ്പിൽ വരുത്തിയാലും ഈ കുളങ്ങളില്ലെങ്കിൽ, ഈ കുളങ്ങൾ ശരിയാക്കിയില്ലെങ്കിൽ യാതൊരു പ്രയോജനവുമില്ല. യാതനക്കാർ എന്ന പേരിൽ ഒരു കൂട്ടം ആളുകൾ അവിടെയെല്ലാം അലഞ്ഞു തിരിഞ്ഞു കുളം അന്വേഷിക്കുന്ന പരിതാപകരമായ കാഴ്ച ഞാൻ കണ്ടിട്ടുള്ളതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: യാതനക്കാർക്കു കുളങ്ങൾ കൊടുത്തിട്ടുള്ളതായി ബഹുമാനപ്പെട്ട മെംബറുടെ അറിവിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കുഞ്ഞൻ നാടാർ: അറിവിൽപ്പെട്ടിട്ടുണ്ടു്. അങ്ങിനെ കുറെ അധികം കുളങ്ങൾ കൊടുത്തിട്ടുണ്ടു്. തികഞ്ഞ ഉത്തരവാദിത്വത്തോടുകൂടിയാണു് ഞാൻ ഇതു പറയുന്നതു്. അങ്ങിനെ പതിച്ചുകൊടുത്തിട്ടുള്ള ചില കുളങ്ങളെ അവിടത്തെ കൃഷിക്കാർ കൃഷിചെയ്യുവാൻ അനുവദിക്കാതിരിക്കുകയുമാണു്.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ: അങ്ങിനെ എത്ര കുളങ്ങൾ യാതനക്കാർക്കു പതിച്ചുകൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. കുഞ്ഞൻ നാടാർ: ഒട്ടനവധി കുളങ്ങൾ പതിച്ചുകൊടുത്തിട്ടുണ്ടെന്നുള്ളതു് എനിക്കു നേരിട്ടറിവുണ്ടു്. അവയുടെ സർവ്വേ

നമ്പർ സഹിതം എനിക്കറിയാം. രാഷ്ട്രീയമായ പൊതുനന്മയ്ക്കു വേണ്ടി കഷ്ടപ്പെട്ടവർക്ക് എന്തെങ്കിലും കൊടുക്കുന്നതിനു ഞാനെതിരല്ല. പക്ഷെ കുളങ്ങൾ കൊടുക്കാൻ പാടുള്ളതല്ല. കുളങ്ങൾ കൃഷിക്കാരന്റെ സമ്പത്താണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: യാതനക്കാരെന്നു പറയുന്നത് ആരെയാണ്?

ശ്രീ. എ. കുഞ്ഞൻ നാടാർ: യാതനക്കാരെന്നു വച്ചാൽ ബഹുമാനപ്പെട്ട മെംബർ ഇന്നു ചെയ്യുന്ന പ്രവൃത്തികൾ മുമ്പുചെയ്തുകൊണ്ടിരുന്നവരും ഇപ്പോൾ അതു മതിയാക്കിയവരുമാണ്.

ശ്രീ. പി. വി. അവിരാത്തരകൻ: യാതനക്കാർ പരിശ്രമിച്ചു കുളം നേരെയാക്കിയില്ലെങ്കിൽ പിന്നെ എന്തിനാണു കുളം? കുളിക്കുവാനാണോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ബഹുമാനപ്പെട്ട മെംബറും യാതനക്കാരിൽപ്പെടുമോ?

ശ്രീ. എ. കുഞ്ഞൻനാടാർ: ഞാനും ഒരു യാതനക്കാരനാണ്. പക്ഷെ യാതനയ്ക്കുള്ള കൂലി ആവശ്യപ്പെട്ടിട്ടില്ല. എന്നോടു ഈടാക്കിയ ഫയിൻപോലും ഞാൻ തിരിയെ വാങ്ങീട്ടില്ല.

Mr. Speaker: The hon. Member is going far away from the general principles of the Bill.

ശ്രീ. എ. കുഞ്ഞൻനാടാർ: തെക്കൻതിരുവിതാംകൂറിൽ യാതനക്കാർക്ക് പതിച്ചുകൊടുത്തിട്ടുള്ള കുളങ്ങൾ ഗവണ്മെന്റിൽനിന്നും തിരിയെ എടുത്ത് ആ പ്രദേശങ്ങളിലെ കൃഷിക്കാരെയും ജനങ്ങളെയും രക്ഷിക്കണമെന്നാണ് ഞാൻ പറയുന്നത്.

Shri K. Balakrishna Menon: Sir, I don't want to make a speech but I do wish to make some helpful suggestions. If you really want to introduce a piece of legislation which if intended to serve a definite purpose you must see that it serves that purpose. I come from the northern part of the State where the terrain is mountainous and which is a net surplus area in the matter of food production. The whole area is fed by natural springs. But the thing is, unfortunately, every one of these springs happens to be silted up. I should say that to a certain extent the Government is responsible for this. If you just probe deep into the matter you will see that these springs happened to be got silted about 5 or 6 years ago, that is, since the advent of the Grow More Food Campaign. Especially, in the slopes of hills handed over to tapioca cultivation, you know how when the soil is loose and heavy inundation occur during heavy monsoons, it is carried away and deposited in these tanks. Unless the Government see that such areas are not handed over to tapioca cultivation, the tanks will get silted up and it may affect very much the cultivation. It is only to make these helpful suggestions that I wanted to speak on this Bill.

Shri E. P. Varghese : Sir, there is some force in what hon. Member for Chadayamangalam said. Tanks are vital to the Grow More Food Scheme. But all tanks have been included within the term 'irrigation tanks' in this Bill. Irrigation tanks are meant for paddy cultivation. Now all kinds of tanks including the large number of tanks in cocoanut garden lands have also been included. Every cocoanut garden will have a number of tanks. They are also for irrigation purpose. There will be a lot of mischief done by the officers empowered under the provisions of this Bill to get these tanks repaired and maintained. But these are tanks which are fairly maintained once in three or four years. My submission is that there must be some amendment made in the definition of "Irrigation Tanks". The owners of the irrigation tanks which would help and serve the purpose of the Grow More Food Campaign may be taxed. But if it is going to cover all the tanks there will be a lot of hardship to the cultivators who own cocoanut garden lands. They may not be able to keep each of those tanks in the garden lands repaired. It may not be necessary also to repair every year these tanks. I want to bring this to the notice of the Select Committee so that they may bestow sufficient attention to this aspect.

I hope all these things will receive the attention of the Members of the Select Committee.

Mr. Speaker : The question is that the Travancore-Cochin Irrigation Tanks (Preservation and Improvements) Bill be referred to the Select Committee consisting of :

(1) Shri P. Ramaswamy Pillai
(2) „ C. C. Ayyappan
(3) „ K. M. Chandy
(4) „ T. S. Ramaswamy
(5) „ V. R. Krishnan Ezhuthasan
(6) „ M. V. Cheriyan
(7) „ A. J. John (mover)
(8) „ E. Gopalakrishna Menon
(9) „ Chengarappalli P Narayanan Potti,

the quorum being three and the Committee to submit the report in the ordinary course.

The motion was put and carried.

The Travancore-Cochin Registration of Births and Deaths Bill.

Minister for Medicine and Public Health. **(Shri V. Madhavan):** I beg to introduce the Travancore-Cochin Registration of Births and Deaths Bill.

Shri Kalathil Velayudhan Nair : I second it.

Mr. Speaker: The Bill stands introduced.

ശ്രീ. വി. മാധവൻ: സർ, ഈ ബിൽ തിരുവിതാംകൂറിലും കൊച്ചിയിലും നടപ്പിലിരുന്നതായ രണ്ടു നിയമങ്ങൾ തമ്മിൽ സംയോജിപ്പിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണ്. ഈ ബില്ലിൽ വിവക്ഷിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളെല്ലാം ഇതേവരെ നടന്നുകൊണ്ടിരുന്നതു് തിരുവിതാംകൂർവിഭാഗത്തും കൊച്ചിവിഭാഗത്തും നിലവിലുണ്ടായിരുന്ന ആക്ററ് അനുസരിച്ചാണ്. എന്നാൽ ഇപ്പോൾ സംയോജനത്തിനുശേഷം രണ്ടു രാജ്യങ്ങളുംകൂടി ഒന്നായി തീർന്നിരിക്കുന്നതിനാൽ നിയമം ഒന്നാക്കിത്തീർക്കേണ്ട ആവശ്യം ഉള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കുവാൻ ഇടയായതു്. ജനനമരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഉദ്യോഗസ്ഥന്മാർ ഇന്നാരായിരിക്കണമെന്നും അവർ എന്തെല്ലാം നടപടികളാണ് നടത്തേണ്ടതെന്നും മററുമുള്ള സർവ്വ സംഗതികളും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇതു് പ്രധാനമായും തിരുവിതാംകൂർവിഭാഗത്തു നടപ്പിലിരുന്ന നിയമത്തെയും മദ്രാസിൽ അടുത്തകാലത്തു് ചില ഭേദഗതികളോടുകൂടി നടപ്പിൽ വരുത്തിയിട്ടുള്ള ആ നിയമത്തേയും അടിസ്ഥാനമാക്കിയാണ് ഈ ബിൽ രൂപീകരിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഈ ബിൽ ഒരു സെലക്ററുകമ്മിററിക്കു അയച്ചു് കഴിയുന്നതും വേഗം ഈ നിയമസഭയിൽതന്നെ പാസ്സാക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. സെലക്ററുകമ്മിററിഅംഗങ്ങളുടെ പേരുവിവരം ഞാൻ ഇവിടെ വായിക്കാം.

(൧) ശ്രീ. എൻ. രാജഗോപാലൻനായർ,
(൨) ,, പി. കെ. രാമചന്ദ്രദാസ്,
(൩) ,, ഇ. കൃഷ്ണൻനായർ.
(൪) ,, അന്തോണി ആൻഡ്രൂ ഡാനിയൽ ലൂയിസ്സ്,
(൫) ,, ചെറിയാൻ ജെ. കാപ്പൻ,
(൬) ,, കെ. ഐ. വേലായുധൻ,
(൭) and the Minister concerned.

ഏഴു ദിവസത്തിനകം സെലക്ററുകമ്മിററിറിപ്പോർട്ടു് തയ്യാറാക്കി ഇവിടെ സമർപ്പിക്കണമെന്നും ഇതിന്റെ കോറം മൂന്നായിരിക്കണമെന്നും തീരുമാനിക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

Shri Kalathil Velayudhan Nair: I second it.

Mr. Speaker: The question that the Travancore-Cochin Registration of Births and Deaths Bill be referred to a Select Committee consisting of

(1) Shri N. Rajagopalan Nair
(2) ,, P. K. Ramachandra Das
(3) ,, E. Krishnan Nair
(4) ,, Anthonie Andrew Daniel Luiz.
(5) ,, Cheriyan J. Kappan
(6) ,, K. I. Velayudhan, and
(7) The Miniser in charge of the Bill,

the quorum being three, and the report to be submitted within seven days.

The motion was put and carried.

The Travancore-Cochin Prevention of Adulteration Bill.

Minister for Medicine and Public Health **(Shri V. Madhavan):** I beg to introduce the Travancore-Cochin Prevention of Adulteration Bill.

Shri Kalathil Velayudhan Nair: I second it.

Mr. Speaker: The Bill stands introduced.

ശ്രീ. വി. മാധവൻ: സർ, ഈ ബില്ലും സംയോജിപ്പിക്കപ്പെട്ടിട്ടുള്ള രണ്ടു വിഭാഗങ്ങളിലെയും നിയമം ഒന്നാക്കിത്തീർക്കുന്നതിനു് ഉദ്ദേശിച്ചു് ഇവിടെ അവതരിപ്പിക്കുന്നതാണു്. തിരുവിതാംകൂർവിഭാഗത്തു് ൧൧൨൪-ലെ ൭-ാം ആക്ററു് അനുസരിച്ചും കൊച്ചീവിഭാഗത്തു് ൧൧൦൯-ലെ ൧൪-ാം ആക്ററു് അനുസരിച്ചും ആണു് ഇതിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ നടത്തിപ്പോന്നിരുന്നതു്.

ശ്രീ. എ. താണുപിള്ള: സർ, ഒരാണ്ടിനകത്തു് ഈ രണ്ടു് ആക്ററുകളും അനുസരിച്ചു് എത്ര കേസു് എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. വി. മാധവൻ: അങ്ങനെയൊരു കണക്കു് ഇപ്പോൾ കൈവശമില്ല.

അതുകൊണ്ടു് ഈ ബില്ലും സെലക്ററുകമ്മിററിയെ ഏല്പിച്ചു് ഏഴു ദിവസത്തിനകം റിപ്പോർട്ടു വരുത്തണമെന്നാണു് എന്റെ അഭിപ്രായം. സെലക്ററുകമ്മിററിഅംഗങ്ങളുടെ പേരുകൾ ഞാൻ ഇവിടെ വായിച്ചുകൊള്ളുന്നു.

(൧) ശ്രീ. ടി. എ. മജീദു്,
(൨) ,, എ. അച്ചുതൻ,
(൩) ,, കെ. കരുണാകരൻ,
(൪) ,, ജോസഫു് വാഴപ്പിള്ളി,
(൫) ,, പി. സി. ആദിച്ചൻ.
(൬) ,, കെ. കെ. കുമാരപിള്ള,
(൭) and the Minister concerned.

ഇതിന്റെ കോറം ൩ ആയിരിക്കുന്നതാണു്.

Shri Kalathil Velayudhan Nair: I second it.

Mr. Speaker: The question that the Travancore-Cochin Prevention of Adulteration Bill be referred to a Select Committee consisting of

(1) Shri T. A. Majeed
(2) ,, A. Atchuthan
(3) ,, K. Karunakaran
(4) ,, Joseph Vazhapilly
(5) ,, P. C. Adichan, and
(6) ,, K. K. Kumara Pillai
(7) The Minister in charge of the Bill.,

the quorum being three, and the committee to report within seven days.

The motion was put and carried.

The Travancore-Cochin Village Courts Bill.

Minister for Home Affairs **(Shri T. M. Varghese):** Sir, I beg to introduce the Travancore-Cochin Village Courts Bill.

Shri A. J. John : I second it.

Mr. Speaker : The Bill stands introduced.

ശ്രീ. ടി. എം. വറുഗീസ്സ്: സർ, കൊച്ചിയിലും തിരുവിതാംകൂറിലും നിലവിലുണ്ടായിരുന്ന രണ്ടു നിയമങ്ങളേയും ഏകീകരിക്കുന്നതിനാണ് ഈ ബില്ലുകൊണ്ടു് പ്രധാനമായി ഉദ്ദേശിച്ചിരിക്കുന്നതു്. ഈ ഏകീകരണംനിമിത്തം സാധാരണയുള്ള നടപടികളിൽ ചില വ്യത്യാസങ്ങൾ ഉണ്ടാകുന്നതാണ്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ നിയമം അനുസരിച്ച് കോടതികളിൽ അഞ്ചു ജഡ്ജിമാരെ ഗവണ്മെൻറിൽനിന്നു് നിയമിക്കുന്നതായിരിക്കും. അതു കൂടാതെ കോടതിയുടെ അധികാരപരിധി ൧൦൦ രൂപയായി വർദ്ധിപ്പിക്കണമെന്നാണ് ഈ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതു്.

കൂടാതെ, ജപ്തിചെയ്ത കോടതിയുടെ ഉത്തരവനുസരിച്ചു എടുക്കാവുന്ന സാധനങ്ങൾ ഏതെല്ലാമാണെന്നും അവ ഏതു വിധത്തിലാണ് എടുക്കേണ്ടതെന്നും ഉള്ളതിനെപ്പററി വ്യവസ്ഥകൾ ഇതിലുണ്ടു്. ഇപ്പോൾ നിലവിലിരിക്കുന്ന നിയമം സാധാരണയായിട്ടു സിവിൽകോർട്ടുനിയമത്തിൻെറ വ്യവസ്ഥയനുസരിച്ചു പ്രവർത്തിക്കണമെന്നുള്ളതാണ്. ഇതു കൂടാതെ ഒരു ഡിവിഷൻെറ അധികാരം മുഴവൻ ഡിസ്ട്രിക്ട്മുൻസിഫിനു് കൊടുക്കേണ്ടതാണെന്നുമുണ്ടു്. മേൽപറഞ്ഞ സംഗതികളിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാൻ ഇടയുള്ളതുകൊണ്ടു ഇതു് ഒരു സെലക്ററകമ്മിററിക്കയച്ചു കമ്മിററിയുടെ റിപ്പോർട്ടു വരുത്തേണ്ടതാണ്.

